Vol. 17. No. 7.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

July 1919.

# വിഷയ വിവരണിക.


1. മംഗളം.

ശ്രീമാൻവി. കെ. ജോസഫ് മാപ്പിള.

2. കന്യക മറിയത്തിന്റെ കർമ്മല ഉത്തരീയം.
3. ഈശോയുടെ തിരുരക്തം.
4. പ്രസാധകക്കുറിപ്പുകൾ.
5. നമ്മുടെ പിതാവ് മാർത്തോമ്മാ ശ്ലീഹാ.

ശ്രീമാൻ പി. ജെ. തോമ്മസ് എം. ഏ. (ഓണേഴ്സ്)

6. വേദപുസ്തകപാരായണം.

റവ. ഫാദർ അലക്സാണ്ഡർ സി. ഡി.

7. സുവിശേഷവിഹിതോപദേശവും മനുഷ്യസ്വാതന്ത്ര്യവും.

റവ. ഫാദർ ജോസഫ്. സി. പഞ്ഞിക്കാരൻ എം. ഏ.

8. വിദ്യാർത്ഥിലോകത്തിലെ ചില ന്യൂനതകൾ.

എം. ടി. ജെ.

9. ഞങ്ങളുടെ കഥാപംക്തി. "ഇതൊരു കഥയല്ല."

ദിവ്യശ്രീ പുരയ്ക്കൽ മാത്യു ശമ്മാശ്ശൻ എം. ഏ.

10. ചോദ്യോത്തരപ്പെട്ടി.
11. തിരുഹൃദയ പൊതുനിയോഗം.
12. നി. വ. ദിവ്യശ്രീ വരാപ്പുഴ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ ഒരു അനുമോദനക്കത്ത്.
13. വൃത്താന്തശകലങ്ങളും വിമർശനങ്ങളും.
14. ചരമവാർത്തകൾ.
15. പഞ്ചാംഗം.

# കർമ്മലകുസുമം.

പുസ്തകം ൧൨. ൧൯൨൯ ജൂലായി ലക്കം ൭.

## മംഗളം.

മായാത്തുള്ളൊരു ദൈവഭക്തി, വിനയം, ശാന്തസ്വഭാവം, നയം,
ധീയാന്നീടിന സൽപ്രവൃത്തിയഭിജ്ഞത്വം, ഗുരുത്വം, ദമം;
ന്യായാന്യായവിവേചനത്വമിവ ഭൂലോകത്തിനേകും മഹൽ-
ശ്രീയാളും നിധിയായ "കർമ്മലസുമം" ശോഭിക്കണം മേൽക്കുമേൽ.

വി. കെ. ജോസഫ് മാപ്പിള.

## കന്യകമറിയത്തിന്റെ കർമ്മല ഉത്തരീയം.

പൂർവ്വനിയമത്തിലെ പ്രധാനാചാര്യനായിരുന്ന അഹറോന്റെ വസ്ത്രം എപ്രകാരമുള്ളതായിരിക്കണമെന്നു യഹോവാതന്നെ നിശ്ചയിച്ചുകൊണ്ടു അതിനെ "പ്രതാപത്തിന്റെ വസ്ത്രം" എന്നു വിളിച്ചു. കഴിഞ്ഞ ആറുശതവർഷങ്ങളായിട്ടു, കന്യകമറിയത്തിന്റെ യഥാർത്ഥ പുത്രന്മാരെവരുടേയും ഭൂഷണമായിത്തീർന്നിരിക്കുന്ന "കർമ്മല ഉത്തരീയ"ത്തെയും "പ്രതാപത്തിന്റെ വസ്ത്ര"മെന്നു നിസ്സംശയം വിളിക്കാവുന്നതാണ് എന്തെന്നാൽ അതു്, സ്വർഗ്ഗീയമഹാറാണിയുടെ കുലവേഷവും (livery) അതിശോഭനമായ അനശ്വരത്വത്തിലേക്കു ആനയിക്കുന്ന മാർഗ്ഗവുമാകുന്നു ഇതെങ്ങനെയാണെന്നു നമുക്കു ആലോചിക്കുകതന്നെ. പരിശുദ്ധാത്മാവിയുടെ അവരോഹണശേഷം ശ്ലീഹന്മാരിൽനിന്നു ജ്ഞാനസ്നാനം കൈക്കൊണ്ടവരിൽ ചിലർ ഏലിയാ, ഏലീശാ ദീർഘദർശികളുടെ പിൻഗാമികളായിട്ടു കർമ്മലമലയിൽ പുണ്യജീവിതം കഴിക്കുന്നതിനുഒന്നിച്ചുകൂടി. അവിടെ വിശുദ്ധ കന്യകയുടെ നാമത്തിൽ ഒരു കപ്പേള പണിതു് മറിയത്തിന്റെ മംഗളങ്ങളെ പ്രതിദിനം പാടിക്കൊണ്ടുവന്നു. കാലക്രമേണ, "കർമ്മല മാതാവിന്റെ സഹോദരങ്ങൾ" എന്ന നാമം അവർക്കു സിദ്ധിക്കയും ചെയ്തു.

പതിമൂന്നാം ശതാബ്ദത്തിന്റെ ആരംഭഘട്ടത്തിൽ, രണ്ടു ആംഗ്ലേയപ്രഭുകുമാരന്മാർ വിശുദ്ധ രാജ്യത്തെ സന്ദർശിച്ച അവസരത്തിൽ, കർമ്മലീത്താ സന്യാസികളുമായി പരിചയപ്പെടുകയും അവരിൽ കുറെപ്പേരെ ഇംഗ്ലണ്ടിലേക്കു കൂട്ടിക്കൊണ്ടുപോകയും ഉണ്ടായി. ഇവരുടെ സജ്ജീവിതവും സന്മാതൃകയും കണ്ടു, കെൻറിലെ പ്രഭുവരനായ സൈമൺസ്റ്റോക്ക് പ്രസ്തുത സഭയിൽ ചേരുകയും ഓർഡറെത്തു പോവുകയും ചെയ്തു. ബാല്യപ്രായത്തിലെ തന്നെ, ദൈവജനനിയുടെ പ്രത്യേകാശ്രിതനായിരുന്ന ഇദ്ദേഹം ഒരിക്കൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, ദൈവദൂതവൃന്ദത്താൽ ആവൃതയായിക്കൊണ്ടു, സ്വർഗ്ഗീയ മഹാറാണി നേരിട്ടു പറഞ്ഞ

കർമ്മലനാഥേ," ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.



Our Lady of Mt: Carmel.

1. S. Elias and His discipiles; 2. John Bpt; 3. S. Cyril; 4. S. Albert Patr: Jeru; 5. S. Brocard; 6. S. Albert of Sicily; 7. S. Angelus Myr; 8. S Cyril Patr, Alex., 9. S. Simonstock; 10. S. Ayertanus; 11. S. Dionysius PP, 12. S. Telesphorus PP. Myr; 13. B. Aloysius Rabata; 14. B. Romeus; 15. B. John Soreth; 16. B. Angelus Mazzinghi; 17. B. Francis of Siena.

1. S. Joseph; 2. S. Eliseus; 3. S. Gerard Bp; 4. S. Hilarion Patr; 5. S. Spiridion Bp; 6. S. Seraphion Patr; 7. S. Berthold; 8. S. Peter Thomas Patr; 9. S. John of Cross; 10. S. Andrew Cors, Bp; 11. S. Anastasius; 12. B. Aloysius Morbi; 13. B. Jacobinus; 14. S. Euphrasia; 15. S. Euphrasina; 16. S. Mary M. of Pazzi; 17. S. Teresa; 18. B. Frances Ambosia; 19. B. Mary of Ang; 20. B. Archangela Garlini; 21. B. Joanna Scopelli; 22. B. Mary Incar.

തായതു്:- പ്രിയപുത്രാ, നിനക്കും മററു അംഗങ്ങൾക്കുമായി ഞാൻ സമ്പാദിച്ചിട്ടുള്ള അനുഗ്രഹങ്ങളുടെ ചിഹ്നമായിട്ടും, കർമ്മെല സഭയുടെ കുലവേഷമായിട്ടും ഈ ഉത്തരീയത്തെ നീ കൈക്കൊണ്ടാലും! ഈ ഉത്തരീയത്തെ ഭക്തിപുരസ്സരം ധരിക്കുന്നവരാരും നിത്യ നാശത്തിൽ ഉൾപ്പെടുകയില്ല. ഇതു നിത്യരക്ഷയുടെ അടയാളവും അപകടങ്ങളിൽനിന്നുള്ള മോചനവും, കാലാവസാനം വരെ നിൽക്കുന്ന പ്രത്യേകമായ സമാധാനത്തിൻേറയും സംരക്ഷണത്തിൻേറയും പണയവും ആകുന്നു."

വിശുദ്ധ യാക്കോബാവാ ഇളയ പുത്രൻെറ നേരെയുണ്ടായിരുന്ന പ്രത്യേക സ്നേഹത്തിൻെറ അടയാളമായിട്ടു യൗസേപ്പിന്നു ഒരു പഞ്ചവർണ്ണക്കുപ്പായം കൊടുത്തു. ദാവീദുരാജാവു് തൻെറ പ്രാണസ്നേഹിതനായിരുന്ന ജോനാഥാനെ സ്വവസ്ത്രങ്ങൾ അണിയിച്ചു. ഇപ്രകാരം തന്നെ സ്വാശ്രിതന്മാരോടുള്ള പ്രത്യേക വാത്സല്യത്തിൻെറ ചിഹ്നമായിട്ടാണല്ലോ

പരിശുദ്ധ കന്യക ൧൨൫൧ ജൂലൈമാസം ൧൬-ാംനു സൈമൺ സ്റ്റോക്കിനു കർമ്മേല ഉത്തരിയം നൽകിയതു്. ഇതു കൊണ്ടും നമ്മുടെ അമ്മ തൃപ്തിപ്പെട്ടില്ല. ൭൦ വർഷങ്ങൾക്കുശേഷം വീണ്ടും കന്യകമറിയം കർമ്മേലസഭയുടെ വസ്ത്രം ധരിച്ചുകൊണ്ടു ൨൨-ാമത്തെ യോഹന്നാൻ മാർപ്പാപ്പായ്ക്കു കാണപ്പെട്ടുപറഞ്ഞു “കർമ്മെലീത്താ സന്യാസികളൊ, ഉത്തരിയ സഭാംഗങ്ങളൊ, ശുദ്ധീകരസ്ഥലത്തേയ്ക്കു അയക്കപ്പെടുന്നതായാൽ, അവരുടെ നിര്യാണാനന്തരമുള്ള ശനിയാഴ്ച, ഒരു സന്മാതൃവിൻെറ നിലയിൽ ഞാൻ അവിടെച്ചെന്നു അവരെയെല്ലാം നിത്യജീവൻെറ പർവ്വതത്തിലേക്കു കൊണ്ടുപോകുന്നതാണ്.”

ദൈവജനനിയുടെ പ്രസ്തുത വാഗ്ദാനങ്ങൾ രണ്ടും വിശ്വാസയോഗ്യങ്ങളാണെന്നുള്ളതിനു യാതൊരുസംശയത്തിനും ഇടയില്ല. പല മാർപ്പാപ്പാന്മാരും പുണ്യവാന്മാരും വേദപാരംഗതന്മാരും ഈ വാഗ്ദാനങ്ങളുടെ വിശ്വാസയോഗ്യതയെ സാക്ഷിച്ചിട്ടുണ്ടു്. എന്നു മാത്രമല്ല കർമ്മേല ഉത്തരിയം മാർഗ്ഗമായി ദൈവം ചെയ്തിരിക്കുന്ന സംഖ്യാതീതങ്ങളായ അത്ഭുതങ്ങൾ തന്നെ ഒരുത്തമസാക്ഷ്യമല്ലയോ? ഉത്തരിയത്തിരുനാൾ സാഘോഷം കൊണ്ടാടുന്നതിനു തിരുസഭ വൃഥാ നമ്മോടുപദേശിക്കുമോ? എന്തിനു? മാർപ്പാപ്പാമാരും, കർദ്ദിനാളന്മാരും, മെത്രാന്മാരും, വൈദികന്മാരും, ചക്രവർത്തികളും, ചക്രവർത്തിനികളും, രാജാക്കന്മാരും രാജ്ഞികളും, പണ്ഡിതന്മാരും, പാമരന്മാരും ഒന്നുപോലെ ഭക്തിബഹുമാനപുരസ്സരം കർമ്മെലീത്തായുത്തരീയം ധരിച്ചിട്ടുള്ളതാണ്. വിശുദ്ധനും പ്രസിദ്ധനുമായ ലൂയിസ് രാജാവ് ഇതു കർമ്മേലമലയിൽവച്ചും, ലൂയിസു പതിന്നാലാമൻ പ്രഞ്ചുകോർട്ടു മുമ്പാകെവച്ചും സ്വീകരിച്ചതായി പറയപ്പെട്ടിരിക്കുന്നു.

ഇത്ര മാഹാത്മ്യമുള്ള ഈ തിരുവസ്ത്രം നമുക്ക് എത്രയും ഉപകാരപ്രദവുമാണ്. സ്നേഹബഹുമാനങ്ങളോടുകൂടി ആ ചിഹ്നത്തെ നാം ധരിച്ചുകാണുന്നതിനു നമ്മുടെ പരിശുദ്ധ ജനനി സർവ്വദാ ഉൽക്കണ്ഠയായിരിക്കുന്നു.

നാം നിത്യത്വത്തിങ്കലേക്കു പ്രയാണം ചെയ്തുകൊണ്ടിരിക്കയാണല്ലൊ. നമ്മുടെ യാത്രാവസാനത്തിൽ സ്വർഗ്ഗത്തിൻെറയോ നരകത്തിൻെറയോ പടിവാതുക്കൽചെന്നു ചേരാതെ കഴികയില്ല. ദൈവമേ! ഇതെത്രയോ ഭയങ്കരം!! നിത്യഭാഗ്യം അഥവാ നിത്യ ദുഃഖം. നമ്മുടെ സ്നേഹമുള്ള അമ്മ പറയുന്നു. “ഞാൻ തരുന്ന ഉത്തരീയം ഭക്തിയോടെ ധരിക്കുന്നതായാൽ നിത്യനരകത്തെ നിങ്ങൾ ഭയപ്പെടേണ്ടാ. ഭക്തന്മാർക്കു പോലും ഭയാനകമായിട്ടുള്ള ശുദ്ധീകരസ്ഥലത്തു കൂടിയും അധിക സമയം കിടക്കേണ്ടിവരുകയില്ല.” ഇത്രയുമോ? ലൗകിക നന്മകൾ പ്രാപിക്കുന്നതിനും മാതാവിൻെറ ഉത്തരീയം എത്രയും പററിയ മാർഗ്ഗമാണ്. ഇതു ഭക്തിവിശ്വാസപുരസ്സരം ധരിച്ചുവന്ന പലരും ദുർമ്മരണത്തിൽനിന്നും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും രക്ഷപ്രാപിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ലോക മഹായുദ്ധത്തിൽ എത്രയോ യോദ്ധാക്കളുടെ ദേഹത്തേയാണ് ബലവത്തായ ഉത്തരീയ കവചം വെടി ഉണ്ടകളിൽനിന്നു സംരക്ഷിച്ചിട്ടുള്ളതു! ഇതു വഴിയായി പ്രാപിക്കാവുന്ന ദണ്ഡവിമോചനങ്ങളെപ്പററിയുള്ള പൂർണ്ണ വിവരം ഈ ലക്കത്തിൽതന്നെ വേറൊരിടത്തു ചേർത്തിട്ടുണ്ട്.

ഇത്ര മഹത്തരവും ഫലസംപൂർണ്ണവും ആയ ഒരു രക്ഷാമാർഗ്ഗത്തെ— ഉത്തരീയത്തെ— ധരിക്കുന്നതിൽ നാം സർവ്വദാ ഉത്സുകന്മാരായിരിക്കേണ്ടതല്ലയോ? അവിശ്വാസികൾ ഈ പൂജ്യവസ്തുവിൻെറ മാഹാത്മ്യം ഗ്രഹിക്കാതെ നമ്മെ പുച്ഛിച്ചെന്നുവരാം. അങ്ങനെയുള്ള അവസരങ്ങളിലാണ് നമ്മുടെ ഭക്തിയും വിശ്വാസ ദാർഢ്യവും പ്രത്യക്ഷപ്പെടുത്തേണ്ടതു്. വിശ്വാസം ക്ഷയിച്ചും ഭക്തികുറഞ്ഞും ലൗകികമാത്രമായ ജ്ഞാനം വർദ്ധിച്ചും വരുന്ന ഇക്കാലങ്ങളിൽ നമ്മുടെ അമ്മയും സ്വർഗ്ഗീയരാജ്ഞിയും ആയ പരിശുദ്ധ കന്യകയുടെ സഹായം നമുക്ക് അത്യന്താപേക്ഷിതമാണ്. തൽസിദ്ധിക്കായി ഉത്തരീയത്തെ നമുക്ക് അഭയം പ്രാപിക്കാം. അങ്ങനെ ചെയ്യുമ്പോൾ ലൗകികവും പാരത്രികവുമായ സൽഗ്ഗുണങ്ങളും നമ്മുടെ അമ്മ സ്വപുത്രനോടു അപേക്ഷിച്ചുതരുവിക്കാതിരിക്കയില്ല, നിശ്ചയം.

# ഈശോയുടെ തിരുരക്തം.



കൎക്കടകമാസത്തിലാണല്ലൊ ഈശോയുടെ തിരുരക്തത്തോടു പ്രത്യേകമായ ഭക്തി പ്രദൎശിപ്പിക്കുന്നതിനു നമ്മുടെ അമ്മയായ തിരുസഭ കല്പിക്കുന്നതു്. ഇക്കഴിഞ്ഞമാസത്തിൽ നമ്മുടെ കൎത്താവിന്റെ തിരുഹൃദയത്തോടു നാം പൂൎവ്വാധികമായ സ്നേഹഭക്തി ബഹുമാനങ്ങൾ പ്രദൎശിപ്പിച്ചു എന്നാൽ തിരുഹൃദയത്തിൽ സ്ഥിതിചെയ്യുന്ന രക്തമാണു് നമ്മെ സ്വൎഗ്ഗാവകാശികളാക്കിയതെന്നുള്ള സംഗതി നാം പ്രത്യേകം ഓൎക്കേണ്ടിയിരിക്കുന്നു. നമ്മുടെ ലൌകിക പാരത്രിക സൌഭാഗ്യങ്ങളുടെ കൎമ്മക്ഷമ കാരണം, ഈശോയുടെ അമൂല്യരക്തമാണു്. ഇതു് പരിശുദ്ധ ത്രിത്വത്തെപ്പോലെ ഒരു അവിഭാവ്യ രഹസ്യമല്ല. ഇതു് അരൂപിയെപ്പോലെ ഒരു അദൃശ്യ വസ്തുവല്ല. ഈ രക്തം ഭൌതികസൃഷ്ടിസഞ്ചയത്തിൽ ഉൾപ്പെട്ടതും, നമ്മുടെ ദിവ്യരക്ഷകന്റെ മഹോജ്ജ്വല ഹൃദയത്തിലൂടെയും നാഡികളിലൂടെയും ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നതുമാണു്.

ഒരു ശിശുവായിരുന്നപ്പോൾ തന്നെ ഛേദനാചാരസമയത്തു് ഈശോയുടെ തിരുരക്തം മനുഷ്യഗണത്തിന്റെ പാപപരിഹാരത്തിനായി ചൊരിയപ്പെട്ടു. മുപ്പത്തിമൂന്നുവൎഷങ്ങൾക്കുശേഷം ഒടുവിലത്തെ അത്താഴസമയത്തു തന്റെ തിരുരക്തം വീണ്ടും ദൃശ്യമായി. "ഇതു് എന്റെ രക്തമാകുന്നു" എന്നു തന്റെ ദിവ്യമഹിമയോടു കൂടി ഉച്ചരിച്ചപ്പോൾ പാനപാത്രത്തിലുണ്ടായിരുന്ന വെറുംവീഞ്ഞു് മ്ശിഹായുടെ യഥാൎത്ഥരക്തമായിത്തീരുകയാണു ചെയ്തതു്. 'ഗത്സേമിനി' എന്ന തോട്ടത്തിലേക്കു ശ്ലീഹന്മാർ മ്ശിഹായെ അനുഗമിച്ചപ്പോൾ അവരുടെ ഉള്ളിൽ തന്റെ തിരുരക്തം ഉണ്ടായിരുന്നു. ഗത്സേമിനിയിൽവച്ചു് പിന്നെയും ഈശോയുടെ ദിവ്യരക്തം പ്രവഹിച്ചു.. തന്റെ തിരുശരീരത്തിലെ രോമകൂപങ്ങളിലൂടെ രക്തം പനച്ചു തുള്ളിതുള്ളിയായി പുറപ്പെട്ടതു്, തന്റെ സ്നേഹാധിക്യവും പാപമാലിന്യത്തോടുള്ള വെറുപ്പും ഹേതുവാലാണെന്നു സ്പഷ്ടമാണു്. ദുഃഖവെള്ളിയാഴ്ചയായ പിറേറന്നു് കൽതൂണു്, മുൾമുടി, കുരിശു, ഗാഗുൽത്തായിലേക്കുള്ള വഴി, ഘാതകന്മാരുടെ കരങ്ങളും വസ്ത്രങ്ങളും, എല്ലാം തന്റെ ദിവ്യരക്തധാരയാൽ നനയ്ക്കപ്പെട്ടു. ഒടുവിൽ പിളൎക്കപ്പെട്ട ചങ്കിൽനിന്നു ജലസമ്മിശ്രമായിട്ടു തന്റെ രക്തത്തിന്റെ അന്തിമബിന്ദുക്കൂടിയും മനുഷ്യവൎഗ്ഗത്തിന്റെ രക്ഷക്കായിട്ടു നമ്മുടെ ദിവ്യനാഥൻ ചൊരിഞ്ഞു.

കുരിശിന്മേൽ കിടന്നു പൂൎണ്ണമായി ചൊരിഞ്ഞ അങ്ങേയുടെ രക്തത്തിന്റെ ഓലിഒറവ ഇനിയൊരിക്കലും വററാത്ത വിധത്തിൽ ഇതാ ഇപ്പോൾ നിറയപ്പെട്ടിരിക്കുന്നു. സ്വൎഗ്ഗത്തിലും ത്രോണോസുകളിലുംവച്ചു് ഈ രക്തംതന്നെ ഇപ്പോൾ മ്ശിഹായുടെ മഹോജ്ജ്വലശരീരത്തിൽനിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്നു ഈ രക്തമാണു് ഈശോയുടെ ആരാധനീയരക്തമെന്നു പറയപ്പെടുന്നതു്. നാം പരിശുദ്ധ കുൎബാന കൈക്കൊള്ളുമ്പോളൊക്കെയും ഈശോയുടെ അമൂല്യരക്തത്തെ സ്വീകരിക്കുന്നു. ഈ അമൂല്യ രക്തത്തോടു് എത്രമാത്രം സാമീപ്യ ബന്ധത്തിലാണു നാം സ്ഥിതിചെയ്യുന്നതെന്നുള്ള വസ്തുതയേപ്പററി ഇതുവരെയും നാം പൎയ്യാലോചിച്ചിട്ടുണ്ടോ? നാം പലപ്പോഴും കുൎബാന കൈക്കൊണ്ടിട്ടില്ലയോ? നമ്മുടെ രക്ഷയുടെ ഹേതു നമ്മുടെ ഉള്ളിലായിരുന്നു. നമുക്കു് സ്വൎഗ്ഗവാതലിനെ തുറന്നുതന്ന ആ ദിവ്യരക്തംതന്നെ, കുൎബാന നമ്മുടെ ഉള്ളിൽ ഇരുന്ന സമയത്തോളം, നമ്മിൽ ഒഴുകിക്കൊണ്ടിരുന്നു നമ്മുടെ രക്ഷാമാൎഗ്ഗമായ ഈ ദിവ്യ രക്തത്തെ പ്രത്യേകമായി ആരാധിക്കുകയും വണങ്ങുകയും ചെയ്യേണ്ടതു നമ്മുടെ ധൎമ്മമല്ല

യോ? ഈ മാസത്തിൽ നാമമവരും തിരുരക്തത്തോടു പ്രത്യേക വണക്കം പ്രദർശിപ്പിക്കണമെന്നാണല്ലോ തിരുസഭയുടെ ആഗ്രഹം. അതുകൊണ്ടു നിവൃത്തിയുള്ളവരെല്ലാവരും പ്രതിദിനം കുർബ്ബാനകാണുകയും, കൂടക്കൂടെ പൂർവ്വാധികം ഒരുക്കത്തോടെ കുർബ്ബാന കൈക്കൊള്ളുകയും ചെയ്യുന്നതിനു മനഃപൂർവ്വം ഉത്സാഹിക്കേണ്ടതാണ്.

# പ്രസാധകക്കുറിപ്പുകൾ.

## I. നി. വ. ദിവ്യശ്രീ കുര്യാളശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്.

കേരളത്തിലെ സുറിയാനി മിസ്സങ്ങളിൽവച്ചു വിസ്തീർണ്ണതകൊണ്ടും ജനപ്പെരുപ്പംകൊണ്ടും മുന്നണിയിൽ നിൽക്കുന്ന ഒരു വികാരിയാത്തിലെ ഭരണാധികാരിയും സംസ്കൃതാശയനും ദീനദയാലുവും കലാബന്ധുവും ആയ മാർ തോമ്മാ മെത്രാനച്ചന്റെ നാമഹേതുകത്തിരുനാൾ ആഘോഷിക്കപ്പെടുന്നതു ഈ മാസം ൨൧-ാം നു-യാണല്ലോ. 'കർമ്മലകുസുമ'ത്തിന്റെ ഉൽകൃഷ്ട രക്ഷാധികാരിയായ തിരുമനസ്സിലെ പേർക്കു ഞങ്ങൾക്കുള്ള ഭക്തിസ്നേഹബഹുമാനങ്ങളെ ഈ അവസരത്തിൽ പ്രസ്താവിക്കുന്നതുകൂടാതെ സ്വനാമകാരണന്റെ തിരുനാൾ ഇനിയും ഏറെനാൾ സസുഖം ആഘോഷിക്കുന്നതിനു ജഗദീശ്വരൻ അദ്ദേഹത്തിനു സംഗതിയാക്കട്ടെയെന്നു ഹൃദയപൂർവ്വം പ്രാർത്ഥിക്കയും ചെയ്യുന്നു.

## II. കത്തോലിക്കതത്വസമാജം.

ഈ വിശ്രുതസമാജത്തിന്റെ വ്യവസ്ഥാപിതമായ ഒരു ശാഖ കേരളത്തിൽ ഇനിയും സ്ഥാപിച്ചുകാണാത്തതെന്തുകൊണ്ടാണെന്നു പലർക്കും തോന്നിയിട്ടുള്ളതാണ്. വരാപ്പുഴ അതിരൂപത വകയായി ഒരു തത്വസമാജമുള്ളതായി കേൾവിയുണ്ട്. ആലപ്പുഴ സി. വൈ. എം. എ. ക്കാർ ഒന്നുരണ്ടു ലഘുപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചശേഷം അവർ ഇപ്പോൾ മന്ദതയിലാണെന്നു തോന്നുന്നു. പറൂക്കാർക്കു ഈ സംഘം ഏർപ്പെടുത്തുന്നതിനു ആഗ്രഹമുണ്ടായിരുന്നതായി ഒരിടകേട്ടു. ഇങ്ങനെ ഇരിക്കയിലാണു തൃശ്ശിനാപ്പള്ളിയിൽവച്ചു സർവ്വേന്ത്യാ കത്തോലിക്ക തത്വസമാജം ഏർപ്പെടുത്തപ്പെട്ടതു്. ഇതിനോടെ ഇൻഡ്യാ ഒട്ടുക്കു് പ്രസ്തുത സ്ഥാപനത്തെപ്പറ്റി ഒരു നല്ല അഭിപ്രായമുണ്ടാവുകയും അതിന്റെ ശാഖകൾ ഓരോ സ്ഥലങ്ങളിലും ഏർപ്പെടുത്തണമെന്നുള്ള ആഗ്രഹം ജനിച്ചുതുടങ്ങുകയും ചെയ്തു. തൽഫലമായി കുര്യാളശ്ശേരിൽ മാർത്തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ആധ്യക്ഷത്തിലും കൈപ്പൻപ്ലാക്കൽ പെ. ബ. അബ്രാഹം കത്തനാരവർകളുടെ മേൽനോട്ടത്തിലും, റവ. ഫാദർ തോട്ടാശ്ശേരി, മിസ്റ്റർ പി. ജെ. തോമസ് എന്നിവരുടെ പ്രൊവിഷ്യനൽ സെക്രട്ടറിസ്ഥാനത്തിലും ഒരു "കത്തോലിക്ക തത്വസംഘം" ചങ്ങനാശേരിയിൽ സ്ഥാപിതമായിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സമാജം വക ഗ്രന്ഥാവലിയിലെ ഒന്നാമത്തെ പുസ്തകമായ "തോമ്മാശ്ലീഹാ" ദുക്റാനത്തിരുനാളിൽ എത്രയും തുച്ഛസംഖ്യയായ ഒരണയ്ക്കു വിൽക്കപ്പെടുന്നതാണ്. ഇതുസംബന്ധിച്ചു കൂടുതലായി എന്തെങ്കിലും അറിയണമെന്നാഗ്രഹമുള്ളവർ റവ. ഫാദർ തോട്ടാശ്ശേരി, ചങ്ങനാശേരി എന്ന വിലാസത്തിൽ എഴുതിച്ചോദിക്കേണ്ടതാണ്.

## III. ക്രിസ്ത്യസഭകളുടെ പുനരൈക്യം.

ഐക്യത്തിന്റെയും സഖ്യത്തിന്റെയും കാലമാണിതു്. വിവിധ രാജ്യക്കാർ തമ്മിൽ യോജിച്ചു തുടങ്ങിയിരിക്കുന്നതുപോലെതന്നെ, വിവിധ മതാനുസാരികളും ഏകോപിച്ചു തുടങ്ങിയിരിക്കുന്നു. ആംഗ്ലിക്കന്മാരെ, വെസ്ല്യന്മാരുമായി ഐക്യപ്പെടുത്തുന്നതിനു ലണ്ടനിലെ ബിഷപ്പ് അക്ഷീണ പരിശ്രമം ചെയ്തുവരികയാണ്. ഇപ്പോൾ ശീമയിൽനിന്നു വരുന്ന പലേ പത്രങ്ങളിലും അമേരിക്കയു

ടെ ശ്രമഫലമായ "സർവ്വ ക്രിസ്ത്യസഭകളുമുൾപ്പെട്ട ഭൂലോകസംഘ (American Commission for the world Conference of Christian Churches) ത്തെപ്പററിയും അതിൻെറ സെക്രട്ടറിയായ മിസ്റ്റർ ഗാർഡിനറിൻെറ സ്തുത്യർഹപ്രവൃത്തികളെ സംബന്ധിച്ചും പത്രലേഖനങ്ങളും കുറിപ്പുകളും കാണുന്നുണ്ട്. അമേരിക്കയിലുള്ള എല്ലാ പ്രോട്ടസ്റ്റൻറ് സഭകളും പ്രസ്തുത സംഘവുമായി സഹകരിക്കുന്നതുകൂടാതെ, ഇംഗ്ലണ്ട, സ്കോട്ടലണ്ട് വെയിത്സ് എന്നി രാജ്യക്കാരും, ഏകോപിച്ചു പ്രവൎത്തിക്കുന്നതിനു സമ്മതിച്ചുകഴിഞ്ഞു. ഗ്രീസു, റഷ്യ തുടങ്ങിയുള്ള പൌരസ്ത്യ സഭാദ്ധ്യക്ഷന്മാരെയും പ്രസ്തുത സംഘത്തിൽ ഭാഗഭാക്കുകളാകുന്നതിനു ക്ഷണിച്ചിട്ടുണ്ട്. ഏതാദൃശ ക്രിസ്ത്യ സംഘങ്ങളിൽ, കത്തോലിക്കർ സാധാരണ ചേരുക പതിവില്ലെന്നു പ്രസിദ്ധമാണല്ലൊ. സത്യവിശ്വാസ രഹസ്യങ്ങളെ ലൌകിക മാഹാത്മ്യത്തിനുവേണ്ടി എങ്ങനെയാണ് പരിത്യജിക്കുക? വിഭിന്നസഭകൾ എങ്ങനെയെല്ലാം യോജിച്ചാലും സുസ്ഥിരമായി കാണാത്തതിനാൽ, സാക്ഷാൻ ശാശ്വതവും സജീവവുമായ തിരുസഭയുടെ സഹകരണം കൂടാതെ, തങ്ങളുടെ സദുദ്ദേശ്യ നിൎവ്വഹണം സുകരമല്ലെന്നു കരുതിക്കൊണ്ട്, മിസ്റ്റർ ഗാർഡിനറും കൂട്ടരും പരിശുദ്ധ പിതാവിൻെറ ഉപദേശവും അനുഗ്രവും സഹായവും അപേക്ഷിക്കയുണ്ടായി. ഈ അപേക്ഷയ്ക്കു എത്രയും അനുകമ്പാപൂൎവ്വവും പൈതൃകവുമായ ഒരു മറുപടി മാർപ്പാപ്പായ്ക്കുവേണ്ടി സ്റ്റേററുസെക്രട്ടറി അവർകൾ കൊടുക്കയുണ്ടായി. അമേരിക്കർ ഐക്യത്തിനായിട്ടു പരിശ്രമിക്കുന്ന ഈ ഘട്ടത്തിൽ കേരളീയ ക്രിസ്ത്യാനികൾ തമ്മിൽ യോജിക്കുന്നതിനു വല്ല മാൎഗ്ഗവുമുണ്ടോയെന്നാണ് നാം ആലോചിക്കേണ്ടതു്. കേവലം യാദൃശ്ചികമായി വേർതിരിയപ്പെട്ട പുത്തൻകൂററുകാരും പഴയകൂററുകാരും തമ്മിൽ ഐക്യപ്പെടുന്നതിനു വല്ല പ്രതിബന്ധവുമുണ്ടോ? രാജ്യകാൎയ്യമാത്രങ്ങളായ സംഗതികളിൽ ഐക്യം ആശാസ്യംതന്നെയാണ്. മതസംബന്ധമായ കാൎയ്യങ്ങളിലാകട്ടെ അവരുമായി യാതൊരു സഖ്യത്തിനും നമുക്ക് നിവൃത്തിയില്ല. മാർപ്പാപ്പായുടെ തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഐക്യത്തിൻെറ മൂലസ്ഥാനവും ഹേതുവും ആയ മ്ശിഹായുടെ വികാരിയിൽ ഐക്യപ്പെടാത്ത ഐക്യമൊന്നും സുസ്ഥിരമല്ലെന്നു നാം ഓൎക്കേണ്ടതാണ്. ഈദൃശമായ ഐക്യം ശീഘ്രസാദ്ധ്യമായി കാണുന്നതിന് കത്തോലിക്കാ സുറിയാനിക്കാർ മാത്രമല്ല, റോമൻ കത്തോലിക്കരെ പരം ഹൃദയപൂൎവ്വം പ്രാൎത്ഥിക്കാതിരിക്കയില്ല. കേരളത്തിലെ ക്രിസ്ത്യ സഹോദരങ്ങളുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ദുക്റാനാ ആഘോഷിക്കപ്പെടുന്ന ഈ അവസരത്തിൽ, കേരളീയ ക്രിസ്ത്യൻസഭകളുടെ സുസ്ഥിരവും യഥാൎത്ഥവുമായ പുനരൈക്യകാൎയ്യം ഓരോ സമുദായത്തിൻെറയും നേതാക്കന്മാരുടെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണെന്നുമാത്രംതൽക്കാലം പ്രസ്താവിച്ചുകൊള്ളുന്നു.

## IV. മദ്രാസ് കത്തോലിക്ക ഹോസ്റ്റൽ.

വിദ്യാഭ്യാസാൎത്ഥം മദ്രാസിൽ താമസിക്കുന്ന അന്യദേശക്കാരായ കത്തോലിക്കാവിദ്യാൎത്ഥികളുടെ സംഖ്യ ഒന്നിനൊന്നു വൎദ്ധിച്ചാണു വരുന്നതു്. എന്നാൽ ജനബാഹുല്യമുള്ള മദ്രാസ് പട്ടണത്തിൽ തങ്ങളുടെ ശാരീരികവും ദൈവികവുമായ കാൎയ്യങ്ങളെ ആശാസ്യമാംവണ്ണം നിൎവ്വഹിച്ചുകൊണ്ടുപോകുന്നതിനു യാതൊരു സൌകൎയ്യവും ഇല്ലാത്തതിനെപ്പററി അവരുടെ രക്ഷാകൎത്താക്കളും, മതാദ്ധ്യക്ഷന്മാരും ഒരുപോലെ പരിതപിച്ചിട്ടുള്ളതാണ്. എങ്കിലും എങ്ങനെയോ അക്കാൎയ്യനിൎവ്വഹണം അസാദ്ധ്യമായിട്ടാണു പലൎക്കും തോന്നിയിരുന്നതു്. ഇപ്പോളിതാ ഈശോസഭക്കാരുടെ പട്ടണപ്രവേശനത്തോടേ ആ സംഗതിയും സുസാധ്യമായിത്തീൎന്നിരിക്കുന്നു. ജോർജ് ടൌണിലെ അർമീനിയൻ സ്റ്റ്റീററിലുള്ള കൊമേർസിയൽ ഹോട്ടലിനെ ഒരു കത്തോലിക്കാ ഹോസ്റ്റലായിട്ടു പരിവൎത്തനം ചെയ്തിരിക്കുന്നു. ഈ വാൎത്ത ബ്രിട്ടീഷിലെ നമ്മുടെ കത്തോലിക്കാ സഹോദരങ്ങളെയെന്നപോലെ തന്നെ, വെണ്ടപ്പെട്ട യാതൊരു സൌക

ഴ്ചവുമില്ലാതെ അവിടെയുമിവിടെയുമായിത്താമസിക്കുന്നതിനു നിർബന്ധിക്കപ്പെട്ടിരുന്ന കേരളീയ കത്തോലിക്ക യുവാക്കന്മാക്കും എത്രയും ആശ്വാസപ്രദമായിരിക്കുന്നതാണ്. നമ്മുടെ രാജസ്ഥാനനഗരത്തിൽ ഇങ്ങനെ ഒരു സ്ഥാപനം ഉണ്ടാക്കുന്നതിനു ഒരിടയ്ക്കുണ്ടായ ആലോചനയുടെ ഫലം ഇനിയും രഹസ്യമായിരിക്കുന്നതേയുള്ളു. തിരുവനന്തപുരത്തു ഇപ്പോൾ താമസിച്ചു പഠിച്ചുവരുന്ന ദൂരസ്ഥന്മാരായ കത്തോലിക്കാ വിദ്യാർത്ഥികളുടെ സംഖ്യ ഒട്ടും തന്നെ കുറവല്ല. ഇവരുടെ ഉപയോഗാർത്ഥം ഒരു കത്തോലിക്കാ ഹോസ്റ്റൽ ഉണ്ടാകേണ്ടതു അത്യന്താപേക്ഷിതമാണെന്നു സമുദായ നേതാക്കന്മാർക്കു ബോദ്ധ്യമായിട്ടുള്ളതാകയാൽ അതു അചിരേണ നടപ്പിൽ വന്നുകാണുമെന്നു നമുക്ക് ആശംസിക്കാം.

## നമ്മുടെ പിതാവ് മാർ തോമ്മാശ്ലീഹാ.

ഈശോ മ്ശിഹായുടെ അപ്പോസ്തലനായ മാർത്തോമ്മാ കേരളത്തിൽവന്നു ഒരു ക്രിസ്തീയ സഭ സ്ഥാപിച്ചെന്നുള്ള വസ്തുത ഇന്നും ഇന്നലെയും ഉണ്ടായ ഒരു കഥയോ ഐതിഹ്യമോ അല്ല; ചരിത്രസ്മരണയിൽ എത്തിയിട്ടുള്ളെടത്തോളം കാലം നമ്മുടെ കാരണവന്മാർ സുസ്ഥിരമായി വിശ്വസിച്ചുപോന്നിട്ടുള്ളതും നമ്മുടെ സമീപത്തായി വസിക്കുന്ന ഹിന്ദുജനങ്ങൾതന്നെ സമ്മതിച്ചുവന്നിട്ടുള്ളതും ആയ ഒരു പരമാർത്ഥമാണിതു്. ആ സിദ്ധൻെറ പാദസ്പർശത്താൽ പാവനമായിത്തീർന്നിട്ടുള്ള സ്ഥാനങ്ങൾ ഇപ്പോഴും നമുക്കു ചൂണ്ടിക്കാണിക്കാൻ കഴിയും. അദ്ദേഹത്തിൻെറ പരിശുദ്ധ കരങ്ങളാൽ വൈദിക സ്ഥാനത്തിലേക്കു ഉയർത്തപ്പെട്ട കുടുംബങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ആ സാത്വികൻെറ പ്രവൃത്തികളെ പ്രകീർത്തനം ചെയ്യുന്ന പാട്ടുകളും സ്തോത്രങ്ങളും അവയുടെ പൂർവ്വഭാഷാസ്ഥിതിയിൽതന്നെ ഇപ്പോഴും സ്മരിക്കപ്പെടുന്നു. ഇങ്ങനെയെല്ലാമിരുന്നിട്ടും മാർതോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നു ചില പണ്ഡിതന്മാർ പറഞ്ഞു ശഠിക്കാറുണ്ട്. എങ്ങനെയോ ഇപ്രകാരമൊരു ഐതിഹ്യം ഇടക്കാലത്തു ഉണ്ടായി എന്നാണ് അവരുടെ അഭിപ്രായം. കൊത്തുകല്ലും ചെമ്പുപട്ടയവും കാണാതെ അവർ ഒരു സംഭവവും വിശ്വസിക്കയില്ല. എന്നാൽ ആ വിശുദ്ധൻെറ പ്രയത്നഫലത്താൽ സത്യമതാനുസാരികളായ നമുക്ക് നമ്മുടെ പിതാവിനെ അറിയുന്നതിന് അത്തരം ലക്ഷ്യമൊന്നുംവേണ്ടാ. തോമ്മാശ്ലീഹാ നമ്മുടെ പ്രത്യേക നാഥനാണെന്ന് നമ്മുടെ കാരണവന്മാരിൽനിന്നും നാം അറിഞ്ഞിരിക്കുന്നു; നമ്മുടെ മാതാക്കളുടെ പാലോടുകൂടി നാം കുടിച്ചിരിക്കുന്നു. ഇതു സംശയിക്കാൻ നമുക്കു ഒരു കാരണവുമില്ല; നമ്മുടെ പൂർവ്വന്മാർ വഞ്ചകന്മാരല്ല.

എങ്കിലും എല്ലാക്കാര്യത്തിലും തർക്കവും സംശയവും പ്രബലപ്പെട്ടിരിക്കുന്ന ഇക്കാലത്തു് എല്ലാററിനും തെളിവുകൾ ആവശ്യമായിത്തീർന്നിരിക്കുന്നു. എന്നല്ല, ലക്ഷ്യങ്ങൾ കാണുമ്പോൾ വിശ്വാസം സ്ഥിരമായിത്തീരുമെന്നുള്ളതു വാസ്തവംതന്നെ. പോരെങ്കിൽ നമ്മുടെ പ്രിയ അപ്പോസ്തലൻതന്നേ വസ്തുത കണ്ടുവിശ്വസിച്ചിട്ടുള്ള ആളാണല്ലോ. അതിനാൽ നമ്മുടെ പിതാവിൻെറ ദുക്റാനത്തിരുനാൾ ആഘോഷിക്കപ്പെടുന്ന ഈ മാസത്തിൽ പ്രസ്തുത വിഷയത്തെപ്പററി വിചിന്തനംചെയ്യുന്നതു് സന്ദർഭോചിതമായിരിക്കുമല്ലോ.

ഒന്നാമതു് തോമ്മാശ്ലീഹാ പ്രത്യേകമായി കേരളത്തിലേയ്ക്കു വരാൻ കാരണമെന്തു്? അതിനു സൌകര്യമുണ്ടായതെങ്ങിനേ? ശ്ലീഹന്മാരുടെ ആദ്യ യാത്രകൾ പരിശോധിക്കുന്നപക്ഷം റോമ്മാ സാ

മ്രാജ്യത്തിലുൾപ്പെട്ട രാജ്യങ്ങളിലാണ് അവർ ആദ്യം സഞ്ചരിച്ചു പ്രസംഗിച്ചതെന്നു ബോദ്ധ്യമാകുന്നതാണ്. കേരളം എന്നല്ല ഇൻഡ്യാരാജ്യം റോമാ സാമ്രാജ്യത്തിന്റെ രാഷ്ട്രപരിധിയിൽ ഉൾപ്പെട്ടിരുന്നില്ല. പിന്നെയെങ്ങനെ മാർത്തോമ്മാ ഈ കോണിലേക്കു വന്നു? എന്നാൽ റോമൻധ്വജം പ്രതിഷ്ഠിക്കപ്പെട്ടിരുന്ന പല രാജ്യങ്ങളിലേക്കാൾ അധികമായ ഏടപാടുകൾ റോമാക്കാർക്കു അക്കാലത്ത് കേരളവുമായിട്ടുണ്ടായിരുന്നെന്നുള്ള കാര്യം നാം സ്മരിക്കേണ്ടതാണ്. ഈ ബന്ധങ്ങളുടെ കാരണം അന്നുണ്ടായിരുന്ന പ്രബലമായ റോമൻവാണിജ്യമായിരുന്നു. കേരളത്തിൽ കുരുമുളക്, ചുക്ക്, ഏലം എന്നിങ്ങനെയുള്ള അത്യപൂർവ്വങ്ങളായ ദ്രവ്യങ്ങൾ ഉണ്ടായിരുന്നതിനാൽ റോമൻകാർ കേരളവാണിജ്യം തങ്ങളുടെ സ്വന്തമായി സൂക്ഷിക്കുന്നതിനു പണ്ടേക്കാലം മുതൽ പരിശ്രമിക്കയുണ്ടായി. ഈ വാണിജ്യബന്ധത്തിന്റെ അവശിഷ്ടങ്ങളായി ഈ നാട്ടിൽ കണ്ടുകിട്ടിവരുന്ന റോമൻ നാണയങ്ങളും റോമൻ ഗ്രന്ഥകാരന്മാരുടെ വൃത്താന്തങ്ങളും മാത്രമാണു ശേഷിച്ചിട്ടുള്ളത്. കേരളത്തിൽ പലസ്ഥലങ്ങളിലായി കണ്ടുകിട്ടിയിട്ടുള്ള നാണയങ്ങൾ അഗസ്റ്റസ്, ടിബേറിയസ് എന്നീ ആദ്യ കേസർമാരുടെ മുദ്രയുള്ളതാണ്. ഈ കേസർന്മാർ ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെയും ജീവിതകാലത്താണു ഭരിച്ചിരുന്നത്. അക്കാലത്തു കേരളത്തിൽനിന്നും കച്ചവടക്കാരും ചില ബ്രാഹ്മണർപോലും കച്ചവടസൌകര്യത്തിനായി അലക്സാന്ത്രിയാ എന്ന പ്രസിദ്ധമായ റോമൻ തുറമുഖത്തിൽപോയി ഒരു പ്രത്യേക തെരുവിൽ വസിച്ചിരുന്നു. അതേസമയത്തുതന്നെ റോമൻകാരുടെ പണ്ടകശാലകൾ കേരളത്തിലെ തുറമുഖങ്ങളായ കൊടുങ്ങല്ലൂർ, പ്രക്കാട്ട എന്നീ സ്ഥലങ്ങളിലും കിഴക്കൻ രാജ്യത്തുള്ള മൈലാപ്പൂർ, മധുര, കാവേരി പട്ടണം എന്നീ സ്ഥലങ്ങളിലും ഉണ്ടായിരുന്നു. മുസിറിസ് എന്ന് റോമൻകാർ പറഞ്ഞുവന്നിരുന്ന കൊടുങ്ങല്ലൂരിൽ അവർക്കു രണ്ടു പട്ടാളങ്ങളും അഗസ്റ്റസിന്റെ നാമത്തിലുള്ള ഒരു റോമൻക്ഷേത്രവും ഉണ്ടായിരുന്നതായി രേഖകൾ ഉണ്ട്. കച്ചവടത്തിനായി അക്കാലത്തു കൊടുങ്ങല്ലൂരും പാലയൂരും പറവൂരും യഹൂദജനങ്ങൾ വന്നു താമസിച്ചുവന്നിരുന്നു. ഈ യൂദന്മാർ തങ്ങളുടെ സജാതിയനായ തോമ്മാശ്ലീഹായെ കൊടുങ്ങല്ലൂർവച്ചു ആദ്യമായി ആഭിവാദ്യംചെയ്തു. ഇപ്രകാരം കേരളം അന്നു രാജ്യങ്ങളിൽ പരക്കെ അറിയപ്പെട്ടിരുന്നതിനാലായിരിക്കണം തോമ്മാശ്ലീഹാ ഇങ്ങോട്ടു പുറപ്പെടാൻ ഇടയായത്.

തോമ്മാശ്ലീഹാ പുറപ്പെട്ട കാലത്ത് (ക്രി. ൫൦ കഴിഞ്ഞു) സിറിയാ, അലക്സാന്ത്രിയാ എന്നീ സ്ഥലങ്ങളിൽനിന്നും കേരളത്തിലേയ്ക്കു യാത്രചെയ്യാൻ പ്രത്യേക സൌകര്യമുണ്ടായിരുന്നു. ആയിടയ്ക്കു റോമൻ കേസർമാരുടെ ഉത്സാഹത്താൽ ചെങ്കടലിലുള്ള കടൽക്കള്ളന്മാർ അമർത്തപ്പെട്ടു; തൻമൂലം കപ്പലോട്ടത്തിനു കൂടുതൽ സൌകര്യമുണ്ടായി. ക്രി. ൪൭–ൽ (Hippalus) ഹിപ്പാലൂസ് എന്ന നാവികൻ ഇൻഡ്യാസമുദ്രത്തിൽ മൊൺസൂൺസ് (Monsoons) എന്ന കാററുകൾ ഉണ്ടെന്നു കണ്ടുപിടിച്ചു. ഒരു വർഷത്തിൽതന്നെ ഓരോ ഋതുക്കളിൽ ആ കാററുകൾ തെക്കുകിഴക്കും വടക്കുപടിഞ്ഞാറുമായി ഊതുന്നതിനാൽ ഇൻഡ്യയിലേയ്ക്കു കപ്പലോടിക്കുന്നതിനും തിരിച്ചുപോരുന്നതിനും ഓരോ കാലത്തു അവ അനുകൂലിക്കുമെന്നു അയാൾ മനസ്സിലാക്കി. ഇതുകൊണ്ടുണ്ടായ ഫലം നിസ്സീമമാണ്; കപ്പലോട്ടം ഉടനെ ശതഗുണീഭവിച്ചു; കച്ചവടം അവധിയില്ലാതെ വർദ്ധിച്ചു. ആയിടയ്ക്കു ൧൨൦ കപ്പൽ ഒന്നിച്ചു ഇൻഡ്യയിലേക്കു പുറപ്പെടുന്നതു തന്റെ കണ്ണുകൊണ്ടു കണ്ടെന്നു സ്ട്രാബോ (Strabo) എന്ന ഗ്രന്ഥകാരൻ എഴുതിയിട്ടുണ്ട്. ഇങ്ങനെയുള്ള അവസരത്തിലാണു തോമ്മാശ്ലീഹാ അലക്സാന്ത്രിയായിൽനിന്നും ഇൻഡ്യയിലേക്കു പുറപ്പെട്ടത്. ഇൻഡ്യൻതീരത്തിൽ അന്ന് പ്രധാന തുറമുഖം കൊടുങ്ങല്ലൂർ ആയിരുന്നതിനാൽ അവിടെ അദ്ദേഹം ആദ്യമായി വന്നിറങ്ങി. പിന്നീടു ചോഴപ്പെരുമാളുടെ തലസ്ഥാനത്തേക്കുപോയി എന്നാണ് ഐതിഹ്യം.

൨. കണ്ടപ്പർ എന്ന രാജാവിന്റെ

ആജ്ഞപ്രകാരം ആബാൻ എന്ന കച്ചവടക്കാരൻ സിറിയായിൽ ചെന്ന് തോമ്മായെ ഒരു ശില്പിയായി കൊണ്ടുവന്നെന്നുള്ള കഥയാണ് വേറൊരു തൎക്കവിഷയം. ഇതു വാസ്തവമായാലും അല്ലെങ്കിലും അതു നമ്മേ ബാധിക്കുന്നില്ല. രണ്ടാംയുഗത്തിൽ ബർദെസാൻ എന്നയാൾ ഉറഫാ (എഡേസ)യിൽ വച്ചു എഴുതിയ ഈ കഥ (Actae Thomae) കേരളത്തിലെ ക്രിസ്ത്യാനികളിൽനിന്നും അവിടെ കിട്ടിയതായിരിക്കണം. ചോഴപ്പെരുമാൾ തച്ചനെ വരുത്തി എന്നാണ് നാട്ടിലുള്ള ഐതിഹ്യം. കണ്ടപ്പർ എന്ന നാമത്തിൽ അന്നു മൈലാപ്പൂരിനടുത്തു ചില പല്ലവരാജാക്കന്മാർ ഉണ്ടായിരുന്നതായി അറിയാം. ഗൊണ്ടഫോറസ് എന്ന നാമം വഹിക്കുന്ന ചില നാണയങ്ങൾ ഗാന്ധാരരാജ്യത്തു കണ്ടുകിട്ടിയതുമൂലം ഈ രാജാവിനെ ചില പണ്ഡിതന്മാർ സിന്ധുതീരപ്രദേശത്തു സ്ഥാപിച്ചിരിക്കയാണ്. ബിഷപ്പ് മെഡ്ലിക്കോട്ടു ഈ മതത്തെയാണു ബലമായി പിടിച്ചിട്ടുള്ളതു്. ക്രിസ്തുമതത്തിന്റെ ഒരവശിഷ്ടവും കണ്ടുകിട്ടാത്ത ഒരു ദേശത്തു് വിദ്വാന്മാർ ഈ രാജാവിനെ കൊണ്ടുചെന്നു പ്രതിഷ്ഠിക്കുന്നതുഭാവനാശക്തിയുടെ സ്വാതന്ത്ര്യാധിക്യംകൊണ്ടെന്നേപറയേണ്ടതുള്ളു. ആ പേരിലുള്ള അനേക രാജാക്കന്മാർ 'കാഞ്ചിപുരത്തുണ്ടായിരുന്ന പല്ലവരാജവംശത്തിൽ ക്രിസ്ത്വാബ്ദാരംഭ ശതകത്തിൽതന്നെ ഉണ്ടായിരുന്നതായി അറിയുന്ന സ്ഥിതിക്കു ദൂരെ തേടേണ്ട ആവശ്യം കാണുന്നില്ല. യവനശില്പികളെ കൊണ്ടുവന്നു ചിത്രവേലകൾ ചെയ്യിക്കുന്ന സമ്പ്രദായവും അന്ന് ആ ദിക്കിൽ സാധാരണമായിരുന്നെന്ന് അവിടെ ശേഷിച്ചിട്ടുള്ള ചിത്രവേലകളു "യവനതപ"ത്തിൽ നിന്നും അനുമാനിക്കാം. ഈഭാഗം ദുൎഘടമാകയാൽ ദീൎഘിപ്പിക്കുന്നില്ല. വിദേശങ്ങളിലെ പണ്ഡിതപരിഷത്തുകളുടെ നാദിർ കോടതിയിൽ ഈ വാദം സ്വീകരിക്കുമോ എന്നറിയട്ടേ.

൩. മാർതോമ്മാ കൊടുങ്ങല്ലൂർ ഭരിച്ചിരുന്ന കേരളരാജാവിനെ ക്രിസ്തുമാൎഗ്ഗത്തിൽ ചേൎത്തെന്നുള്ള ഐതിഹ്യം ചരിത്രരേഖകളാൽ ഒരുവിധം തെളിയിക്കാവുന്നതാണ്. ബാണവൎമ്മൻഎന്നൊരു പെരുമാൾ ബൌദ്ധമാൎഗ്ഗത്തിൽ ചേൎന്നു എന്നു "കേരളോല്പത്തി", "കേരളവിശേഷമാഹാത്മ്യം" മുതലായ കേരളീയ ബ്രാഹ്മണരുടെ പുരാതന ഗ്രന്ഥങ്ങളിൽ കാണുന്നു. ഈ ബാണവൎമ്മന്റെ കാലം ക്രിസ്ത്വബ്ദം ൬൦ മുതൽ ൮൦ വരെയാണെന്നു പഴയ തമിഴ്കൃതികളുടേയും മററു രേഖകളുടേയും സഹായത്താൽ കനകസഭപ്പിള്ളയുടെ അനുമാനങ്ങൾ അനുസരിച്ചു കണക്കാക്കാവുന്നതാണ്. ബൌദ്ധമാൎഗ്ഗം എന്നതു് ക്രിസ്തുമതത്തിനും ചേരുന്ന ഒരു പേരാണ്; തോമ്മാ ശ്ലീഹായുടെ സമകാലീനനാണ് ആ പെരുമാൾ എന്നതു സ്പഷ്ടവുമാണ്. അതിനാൽ മാൎത്തോമ്മാ മാൎഗ്ഗത്തിൽ ചേൎത്തതായി പറയുന്ന പെരുമാൾ ബാണവൎമ്മൻ ആണെന്നു അനുമാനിക്കാമെന്നു തോന്നുന്നു. ഈ പെരുമാളിന്റെ മരുമകനെ കേപ്പാ എന്നപേരിൽ ഒരു പുരോഹിതനായി വാഴിച്ചെന്നും ഐതിഹ്യമുണ്ട്. (കൂടുതൽ വിവരങ്ങൾ അറിയണമെന്നുള്ളവർ അടുത്ത "ഭാഷാപോഷിണി"യിൽ "ബൌദ്ധനായ പെരുമാൾ" എന്ന ഉപന്യാസം നോക്കുക)

പാലയൂരുള്ള ഐതിഹ്യങ്ങളും അവശിഷ്ടങ്ങളുംമാത്രംകൊണ്ടുതന്നെ തോമ്മാശ്ലീഹായുടെ കേരളയാത്ര സ്ഥാപിക്കാമെന്നു ചിലപ്പോൾ തോന്നിപ്പോകും. 'ബൌദ്ധ'നെ പേടിച്ച് ഓടിപ്പോയ നമ്പൂതിരിമാർ ശപിച്ചതിനാൽ "ശാപക്കാട്" എന്ന പേരുണ്ടായതു്, "ഇനിയത്തെക്കുളി വെമ്മേനാട്ട്" എന്നു പറഞ്ഞു നമ്പൂതിരിമാർ വെമ്മേനാട്ടിനു പോയതു്, ചാവക്കാട്ടുവച്ച് നമ്പൂതിരിമാർ താംബൂലം പോലും ഉപയോഗിക്കാത്ത വസ്തുത, പള്ളിക്കടുത്തു ഇപ്പോഴും കാണുന്ന വലിയ കുളം, കുളത്തിൽ കിടക്കുന്ന ബിംബാവശിഷ്ടങ്ങൾ, കുളത്തിന്റെ നടുവിൽ കുഴിച്ചുചെന്നപ്പോൾ കണ്ടുകിട്ടിയ ഗംഗാജലം സൂക്ഷിച്ചിരുന്ന കുടം, പള്ളിക്കടുത്തു് ഇപ്പോഴും അണിനിരയായിക്കാണുന്ന കിണറുകളോടുകൂടിയ പുരത്തറകൾ, ആ പുരത്തറകൾക്കു ഇപ്പോഴും പറയുന്ന കള്ളി, കാളിയങ്കാവ്, പകലോമററം എന്നീ ഇല്ലപ്പേരുകൾ,— എന്നിങ്ങനെയുള്ളവ അറിഞ്ഞിട്ടുള്ള ഏതു ചരിത്ര

കാരനാണ് ഈ ഐതിഹ്യത്തിനു പ്രാമാണ്യം കൊടുക്കാത്തതു്? അല്ലാതെ വല്ലവരുമുണ്ടെങ്കിൽ അവർ സാക്ഷാൽ അന്ധന്മാർ തന്നേ.

നമ്മുടെ ദുക്റാനാ (ദോറാന) തിരുനാൾ തന്നേ നമ്മുടെ പിതാവിൻെറ വരവിനുള്ള അഭേദ്യമായ ഒരു ലക്ഷ്യമാണ്. ഈ തിരുനാൾ തോമ്മാശ്ലീഹായുടെ മരണശേഷം തെക്കേഇൻഡ്യയിൽ തന്നേ നിശ്ചയിച്ചിട്ടുള്ള ഒന്നാണ്; മററു പെരുന്നാളുകൾപോലെ അതു് ബാബേലിൽനിന്നോ മററൊ നമുക്കു ലഭിച്ചിട്ടുള്ളതല്ല. ആ ദിക്കുകളിൽ ഈ ദുക്റാന "കട"മുള്ളതല്ല. പ്രത്യുത, മലങ്കരയിൽ അതു ഞായറാഴ്ചപോലെ കടമുള്ള ഒരു സുദിനമാണ്. ആ ദിക്കുകളിലെ കാനോനാ ജപപുസ്തകങ്ങളിൽ ഒരു ദിവസത്തേക്കു മാത്രമുള്ള പ്രാൎത്ഥനയേയുള്ളു. ഈ ദിക്കുകളിലെ പുസ്തകങ്ങളിൽ വിശേഷമായി എട്ടു ദിവസത്തെ പ്രാൎത്ഥനകൾ കാണുന്നു. ഇപ്രകാരമുള്ള വിശേഷവിധികൾ അകാരണമായി ഉണ്ടായെന്നു വരുന്നതല്ലല്ലോ. (ബ്ര. ബെൎന്നാൎദച്ചൻെറ "മാൎത്തോമ്മാക്രിസ്ത്യാനികൾ" ഒന്നാമദ്ധ്യായം നോക്കുക.)

സഹോദരങ്ങളേ, നമ്മുടെ വിശ്വാസം വ്യൎത്ഥമല്ല; നമ്മുടെ പൂൎവ്വന്മാർ കള്ളക്കഥയുണ്ടാക്കിട്ടുമില്ല. അപ്പോസ്തലകരങ്ങളിൽനിന്നും നമ്മുടെ പൂൎവ്വന്മാർ ക്രിസ്തുമാൎഗ്ഗം സ്വീകരിച്ചിട്ടുണ്ടെന്നു നമുക്ക് ന്യായമായി അഭിമാനിക്കാവുന്നതാണ്. എന്നാൽ ഈ അഭിമാനം കൊണ്ടു് ഇപ്പോൾ എന്തു ഫലം? തോമ്മാശ്ലീഹാ നമ്മെ ഏല്പിച്ചിട്ടുള്ള വിശ്വാസനിധി നാം ഏതു വിധത്തിൽ വിനിയോഗിച്ചിരിക്കുന്നു? ക്രിസ്തുവിൻെറ രാജ്യം വൎദ്ധിപ്പിക്കുന്നതിന് ൧൯൦൦ വൎഷങ്ങളായിട്ടു നാം എന്തു പ്രവൎത്തിച്ചിട്ടുണ്ടു്? "തനിക്കു കിട്ടിയ സ്വൎണ്ണനാണയം മണ്ണിൽ കുഴിച്ചുമൂടി സൂക്ഷിച്ചവനേപ്പോലെയും, കുടത്തിൽ കത്തിച്ചുവച്ച വിളക്കുപോലെയും" ആണ് നമ്മുടെ സ്ഥിതി. ഇതുമാത്രമോ? "ഏകസഭയും ഏകവിശ്വാസവും" എന്നു തോമ്മാശ്ലീഹായിൽനിന്നും പഠിച്ചവരുടെ മക്കളായ നാം തന്നേ എത്ര ഭിന്നശാഖകളായി പിരിഞ്ഞിരിക്കുന്നു? മൂന്നുറു കൊല്ലം മുമ്പ് ഏക "മലങ്കര നസ്രാണി സമൂഹ"മായി ഐക്യസ്ഥിതിയിൽ വൎത്തിച്ചിരുന്ന നാം ഇപ്പോൾ പുത്തൻകൂർ, പഴയകൂർ, മെത്രാക്കക്ഷി, ബാവാക്കക്ഷി, നെസ്തോറിയൻ, യൂയോമയം എന്നിങ്ങനെയുള്ള പേരുകളിൽ അന്യോന്യം നിന്ദിച്ചു് മല്ലിടുകയല്ലേ? സഹോദരങ്ങളേ, ഇതെത്രയോ ലജ്ജാവഹമായിരിക്കുന്നു. പുനരൈക്യം സുസാദ്ധ്യമാകുന്നതിനു ആലോചിപ്പിൻ,! പ്രാൎത്ഥിപ്പിൻ!! വിശുദ്ധനായ മാൎത്തോമ്മാ തന്നേ നമ്മെ സഹായിക്കട്ടെ.

പി. ജെ. തോമ്മസ് എം. ഏ.
(ഓണേഴ്സ്)

## വേദപുസ്തകപാരായണം.

### ൫. വിശ്വാസം.

"സ്നേഹം" എന്ന ഇനത്തിൽ പെട്ട വേദപുസ്തക വാക്യങ്ങളെ ഇതുവരെയും സംക്ഷേപമായി നാം പാരായണംചെയ്തു. ഇനി "വിശ്വാസം" എന്ന ഇനത്തിലേക്കു നമുക്കു പ്രവേശിക്കാം. വേദത്തിൽ സ്നേഹം കഴിഞ്ഞാൽ പിന്നെ പ്രധാന പുണ്യം വിശ്വാസമാണ്. പ്രകാശം നൽകുന്ന സൂൎയ്യരശ്മി തന്നെയാണല്ലൊ ചൂടുപിടിപ്പിക്കയും ചെയ്യുന്നതു്. അപ്രകാരം ദൈവം നമ്മുടെ ആത്മാവുകളിൽ ചിന്തുന്ന ദൈവിക പുണ്യങ്ങളായ സ്നേഹവും വിശ്വാസവും നമ്മിൽ സംയോജിതമായിരിക്കുന്നു. അറിയാത്തതിനെ ആരും സ്നേഹിക്കുന്നില്ല. ആകയാൽ അറിവും സ്നേഹവും, പ്രകാശവും

ച്ചുട്ടംപോലെ സംബന്ധപ്പെട്ടിരിക്കുന്നു. സൎവ്വനന്മയായ ദൈവത്തെ നാം അറിയുന്ന ക്ഷണത്തിൽ സ്നേഹിപ്പാൻ നിൎബ്ബന്ധപ്പെടുന്നു. എന്നാൽ വിശ്വാസം നമ്മുടെ സ്വാഭാവിക ജ്ഞാനത്തേക്കാൾ ഏററം നിശ്ചയമുള്ള ഒന്നാകുന്നു. സ്വാഭാവികജ്ഞാനം രണ്ടു തരത്തിലാണ്:– ബാഹ്യാഭ്യന്തരേന്ദ്ര്യങ്ങളാൽ ഓരോരുത്തനു സ്വന്ത പരിചയത്തിൽനിന്നു ലഭിക്കുന്ന അറിവും, വിശ്വാസയോഗ്യന്മാരായവരിൽ നിന്നു ലഭിക്കുന്ന അറിവും. എന്നാൽ ഈ രണ്ടു മാതിരി അറിവുകളിലും പ്രമാദവും വഞ്ചനയും സംഭവിക്കുവാൻ പാടുണ്ട്; ഇതിന്നു ലോകചരിത്രവും പരസ്പരവിരോധങ്ങളായ തത്വജ്ഞാനങ്ങളും സാക്ഷികളാണ്. എന്നാൽ മനുഷ്യന് ബാഹ്യങ്ങളും അഭ്യന്തരങ്ങളും ആയ ഇന്ദ്ര്യങ്ങളെ കൊടുത്തയാളും സൎവ്വത്തെയും യഥാൎത്ഥമായി അറിഞ്ഞിരിക്കുന്നയാളും തെററിപ്പോകുവാനും തട്ടിക്കപ്പെടുവാനും വഹിയാത്തവനുമായ ദൈവംതന്നെ നമ്മെ അറിയിക്കുന്ന സത്യങ്ങളെ നാം വിശ്വസിക്കുമ്പോൾ, അവയെ ഉറപ്പായി നമ്മുടെ ബോധത്തിൽ സംഗ്രഹിക്കാം. അതിൽ സംശയത്തിനു യാതൊരു അവകാശമില്ല. നമ്മുടെ കണ്ണുകൊണ്ടു കാണുന്നതിനെക്കാൾ അവയൊക്കെയും സത്യമായിരിക്കുന്നു. എന്തെന്നാൽ സൎവ്വബോധജ്ഞാനിയും സത്യസ്വരൂപിയുമായ ദൈവംതന്നെ അവയെ വെളിപ്പെടുത്തിയിരിക്കുന്നു. ദൈവം തന്നെ അറിയിച്ചിട്ടുള്ള സത്യങ്ങളുടെ ശേഖരത്തിന്ന് "ദൈവപ്രകാശനം" (Divine Revelation) എന്നാണു പേർപറയപ്പെടുന്നത്. ദൈവം വെളിപ്പെടുത്തിയ സത്യങ്ങൾ എഴുതപ്പെട്ട ദൈവവചനമായ വേദപുസ്തകത്തിലും, എഴുതപ്പെടാത്ത ദൈവവചനമായ കത്തോലിക്കാ തിരുസഭയുടെ പാരമ്പൎയ്യ പഠനത്തിലും അടങ്ങിയിരിക്കുന്നു. പന്ത്രണ്ടു ശ്ലീഹന്മാരാൽ ദത്തമായിട്ടുള്ള വിശ്വാസപ്രമാണത്തിൽ സകലരും വിശ്വസിക്കേണ്ട സത്യങ്ങളുടെ സംക്ഷേപം അടങ്ങീട്ടുണ്ട്. വിശ്വാസത്തിന്റെ തലപ്പെട്ട രഹസ്യങ്ങളായ ദൈവത്തിന്റെ ഏകത്വവും ത്രിത്വവും പുത്രൻതമ്പുരാന്റെ മാനുഷാവതാരവും ഭംഗപ്പാടും കുരിശുമരണവും ഇതിൽ വിവരിച്ചിട്ടുണ്ട്. പൊതുവിധി, മരിച്ചവരുടെ ഉത്ഥാനം മുതലായ മററു സത്യങ്ങളും അടക്കിക്കൊള്ളുന്നു. ഈ വിശ്വാസപ്രമാണത്തിന്റെ ഒടുവിൽ "കത്തോലിക്കാ തിരുസഭയും" ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു എന്നു അനുസരിച്ചു പറകയിൽ, ദൈവം വെളിപ്പെടുത്തിയ സത്യങ്ങളൊക്കെയും തെററുകൂടാതെ പഠിപ്പിക്കുന്നതിനും വിശ്വാസികളെ ഭരിച്ചു നടത്തുന്നതിനും ഈശോ മ്ശിഹായാൽ നിയമിക്കപ്പെട്ട കത്തോലിക്കാ തിരുസഭ പഠിപ്പിക്കുന്നതൊക്കെയും ഞാനുംകൂടി വിശ്വസിക്കുന്നു എന്നു അസ്പഷ്ടമായി അനുസരിച്ചു പറയുന്നു. തിരിച്ചു വിശ്വസിപ്പാൻ തിരുസഭ പഠിപ്പിക്കുന്നതു് തിരിച്ചു വിശ്വസിക്കുകയും ചെയ്യുന്നു. കത്തോലിക്കാ തിരുസഭയിൽ (Regula fidei) വിശ്വാസത്തിന്റെ നിയമം ഇതാകുന്നു. ഈ നിയമം അനുസരിക്കാത്ത പ്രോട്ടെസ്റ്റാണ്ടുകാർ വേദപുസ്തകം വായിച്ചിട്ട്, തങ്ങളുടെ ഹിതംപോലെ അതിനെ വ്യാഖ്യാനിച്ചു വിപരീതമായ അനവധി പതിതമതങ്ങളെയുണ്ടാക്കീട്ടുണ്ട്; എന്നല്ല ഓരോരുത്തനും വേദപുസ്തകത്തെ അവനവന്റെ അഭിപ്രായപ്രകാരം വ്യാഖ്യാനിച്ചു യഥേഷ്ടം നടപ്പാൻ പ്രോട്ടെസ്റ്റാണ്ടു മതതത്വം അനുവദിക്കുന്നു. വിശുദ്ധ പത്രോസ് ശ്ലീഹാ അരുളിച്ചെയ്തിട്ടുള്ളതുപോലെ ഈദൃശ വ്യാഖ്യാനം ആത്മനാശത്തിന്നുമാത്രം ഉപയുക്തമാകുന്നതാണ്. (൨. പത്രോസ് ൨. ൧. ൨.) സത്യവിശ്വാസികളാകട്ടെ വിശുദ്ധ കത്തോലിക്കാ സഭ ഏതുവിധത്തിൽ പഠിപ്പിക്കുന്നുവോ ആ വിധത്തിൽ മാത്രമെ വിശ്വസിക്കുന്നുള്ളു. ഇതിൽ തെററിപ്പോകുവാൻ നിവൃത്തിയില്ല. "വിശ്വാസം കേൾവിയിൽനിന്നു" ആകുന്നു എന്നു വിശുദ്ധ പൌലോസ് പഠിപ്പിക്കുന്നു. സകല കത്തോലിക്കരും ഇപ്രകാരം വിശ്വസിക്കുന്നതിനാൽ ലോകമൊട്ടുക്കു നിവസിക്കുന്ന കോടാകോടി ജനങ്ങൾപ്പെട്ടിരിക്കുന്ന ഈ മഹാ സഭയ്ക്കു എവിടെയും ഒരേ നാവും ഒരേ വാക്കും മാത്രമുണ്ടായിരിക്കുന്നു. ക്രിസ്തീയ വേദത്തിന്റെ അസ്ഥിവാരങ്ങൾ പോലെയിരിക്കുന്ന സുവിശേഷ

ങ്ങൾ നാലിൽ ഒന്നാമത്തേതായ വിശുദ്ധ മത്തായിയുടെ പുസ്തകം നമ്മുടെ കർത്താവിൻെറ കരേററത്തിൻെറ ശേഷം എട്ടാംവർഷത്തിലാണു എഴുതപ്പെട്ടതു്; ഇതിൽപിന്നീടാണ് മററു പുസ്തകങ്ങളൊക്കെയും ഓരോസന്ദർഭങ്ങളിൽരചിക്കപ്പെട്ടതു്. എഴുതപ്പെട്ടദൈവവചനത്തേക്കാൾ എഴുതപ്പെടാത്ത ദൈവവചനമായ കത്തോലിക്കാതിരുസഭയുടെ പഠനം ഏററം പൂർവികവും വിസ്തീർണ്ണവുമാണെന്നു ഇതുകൊണ്ടുസ്പഷ്ടമാകുന്നു. ഇതിനാൽ മഹാനായ വിശുദ്ധഅഗുസ്തീനോസ്മല്ലാൻ, "കത്തോലിക്കാത്തിരുസഭ എന്നെ പഠിപ്പിക്കുന്നതുകൊണ്ടല്ലെങ്കിൽ, സുവിശേഷ പുസ്തകത്തെ ഞാൻ വിശ്വസിക്കുന്നതല്ല" എന്നു എഴുതിയിരിക്കുന്നു. ഇതിൻെറന്യായം ഈ പുസ്തകം മ്ശിഹായുടെ യഥാർത്ഥമായ സുവിശേഷപുസ്തകമാണെന്നും, ഇതു ദൈവവെളിപാടാൽ എഴുതപ്പെട്ടതും വിശ്വാസയോഗ്യവും ആയ ഒരു വിശുദ്ധ ഗ്രന്ഥമാണെന്നും അധികാരസമേതം തീർച്ചയായി പഠിപ്പിക്കുന്ന കത്തോലിക്കാത്തിരുസഭയില്ലെങ്കിൽ മററു ലൗകികഗ്രന്ഥങ്ങളെപ്പോലെതന്നെ ഇതിനെയും ഗണിക്കുന്നതിനേ നിവൃത്തിയുള്ളു. അപ്രകാരം തന്നെ വേദപുസ്തകത്തിൽ അടങ്ങിയ പഠനങ്ങളും സഭയുടെ സജീവപഠനത്തോടു യോജിക്കത്തക്ക വിധത്തിൽമാത്രം വ്യാഖ്യാനിക്കേണ്ടതാണ്. ഒരു രാജ്യത്തിലെ നിയമപ്പുസ്തകം അന്യന്മാർ സ്വയമേവ വ്യാഖ്യാനിക്കാതെ അതിൻെറ സ്വന്ത രാജ്യത്തിലും കോർട്ടുകളിലും ഏതർത്ഥത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്നത്രെ അന്വേഷിക്കേണ്ടതു്.

സത്യവിശ്വാസത്തിൻെറ സ്വഭാവത്തെക്കുറിച്ചു ഇത്രയും പറഞ്ഞശേഷം, നമ്മിൽ വിശ്വാസമെന്ന പുണ്യത്തെ പോഷിപ്പിക്കയും ബലപ്പെടുത്തുകയും ചെയ്യുന്ന വേദപുസ്തകവാക്യങ്ങളേയും ദൈവപ്രകാശനത്തേയും പററി പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

൧. ആദ്യകാലം മുതൽ ഈശോമ്ശിഹായുടെ കാലംവരെ ഉണ്ടായിട്ടുള്ള ദൈവപ്രകാശനങ്ങളെക്കുറിച്ചു വിശുദ്ധ പൗലോസ് എബ്രായക്കാർക്കു എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു.

"ദൈവം പലപ്രകാരത്തിലും അനേക വിധത്തിലും ദീർഘദർശികൾ മൂലം പഴയ കാലങ്ങളിൽ പിതാക്കന്മാരോടു അരുളിച്ചെയ്തു. ഈ കടശികാലങ്ങളിൽ തൻെറ പുത്രൻവഴിയായി നമ്മോടു സംസാരിച്ചു." (എബ്രായക്കാർ ൧. ൧—൨)

൨. ദൈവപുത്രൻ നമ്മോടു നേരിട്ടു സംസാരിച്ചതിനു മുമ്പു പഴയ കാലത്തിൽ ദൈവം സീനമലയിൽനിന്നു ഇസ്രായേൽ ജനം മുഴുവനും കേൾക്കത്തക്കവണ്ണം മഹാ സ്വരത്തിൽ അവരോടു സംസാരിക്കയും വേദപ്രമാണം പത്തും പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. സ്ത്രീകളും കുട്ടികളും വൃദ്ധരും കൂടാതെ യുദ്ധത്തിനു പോകുവാൻ തക്കവരായി ആറു ലക്ഷം ഇസ്രായേൽ ജനം സീനമലക്കടിവാരത്തിൽ നിൽക്കുകയിലത്രെ ദൈവം ഇപ്രകാരം സീനമലമുകളിൽ നിന്നു അവരോടു സംസാരിച്ചതു്. ഇസ്രായേൽ ജനം എജിപ്തിൽനിന്നു പുറപ്പെട്ടിട്ടു അമ്പതാംദിവസമായ പന്തക്കൊസ്തു ദിവസത്തിലാകുന്നു ഈ മഹാ സംഭവമുണ്ടായതു്. ആഘോഷമായ വിധത്തിൽ ദൈവം പത്തു പ്രമാണങ്ങളെ പ്രസിദ്ധപ്പെടുത്തിയ ഈ നേരത്തു സീനമല തീയാൽ എരിഞ്ഞിരുന്നു; വലിയ മേഘം സീനമലമേൽ ഇറങ്ങി; വലിയ ഇടിമുഴക്കങ്ങളും കാഹളധ്വനികളുമുണ്ടായിരുന്നു. ഈ വിവരങ്ങളെല്ലാം പുറപ്പാടിൻെറ പുസ്തകം ൧൯, ൨൦ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ദൈവം ഇസ്രായേൽ ജനത്തിനു പത്തു പ്രമാണം പ്രസിദ്ധപ്പെടുത്തിയശേഷം മൂശവഴി അവരോടു ഇപ്രകാരം അരുളിച്ചെയ്തു: "ഞാൻ സ്വർഗ്ഗത്തിൽനിന്നു നിങ്ങളോടു സംസാരിച്ചതിനെ നിങ്ങൾ കേട്ടല്ലോ. ഇനി നിങ്ങൾ എനിക്കു എതിരായി വെള്ളികൊണ്ടുള്ള ദൈവങ്ങളേയും, പൊന്നുകൊണ്ടുള്ള ദൈവങ്ങളേയും ഉണ്ടാക്കരുതു്". (പുറപ്പാടു ൨൦. ൨൨. ൨൩)

൩. പഴയ കാലത്തുണ്ടായിട്ടുള്ള ദൈവപ്രകാശനം ഇരുട്ടിൽ പ്രകാശിക്കുന്ന വിളക്കുപോലെ മാത്രമേ ആയിരുന്നുള്ളു. എന്നാൽ ലോകത്തിന്നു വെളിച്ചം നൽകുന്ന സൂർയ്യൻ മദ്ധ്യാഹ്നസമയത്തു സകലത്തേയും പ്രകാശിപ്പിക്കുന്നതു പോലെ,

ദൈവപുത്രൻ ഈശോ മ്ശിഹാ ലോകത്തിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ ദൈവപ്രകാശനം പരമകാഷ്ഠയെ പ്രാപിച്ചു. സകല ജനങ്ങൾക്കും ദൈവത്തേയും ദൈവരാജ്യത്തേയും സംബന്ധിച്ച് അവിടുന്നു നടത്തിയ പലപല ഉപദേശങ്ങൾ നാലു സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ മലയിൽവച്ച് നടത്തിയ പ്രസംഗം ഏററം പ്രസിദ്ധപ്പെട്ടതും ഏററം സാരമുള്ളതുമാകുന്നു. ഈ പ്രസംഗം മുഴുവനും കൂടെയുണ്ടായിരുന്ന വിശുദ്ധ മത്തായിശ്ലീഹാ തൻെറ സുവിശേഷത്തിൻെറ ൫-൬-൭ അദ്ധ്യായങ്ങളിൽ വ്യക്തമായി എഴുതി വച്ചിട്ടുണ്ട്. നമുക്ക് അപ്പോൾ മലയിൽക്കൂടിയിരുന്ന ശ്ലീഹന്മാരോടും ശിഷ്യജനങ്ങളോടും വലിയ ജനക്കൂട്ടത്തോടും കൂടി നമ്മുടെ കർത്താവിൻെറ മധുരതമമായ ആ പ്രസംഗം കേൾപ്പാൻ ഭാഗ്യം കിട്ടിയില്ലായെങ്കിൽ, ഈ പ്രസംഗം നമ്മുടെ കർത്താവുതന്നെ നമ്മോട് അരുളിച്ചെയ്യുന്നു എന്നുള്ള സത്യമായ വിചാരത്തോടു കൂടി നാം വായിക്കയോ വായിച്ചുകേൾക്കയോ ചെയ്യുന്നതു് മഹാ ഭാഗ്യമായിരിക്കുന്നു. ഈ ഭാഗ്യം എല്ലാവക്കും കിട്ടുവാൻവേണ്ടി കർത്താവ് മലയിൽ ചെയ്തു പ്രസംഗം മുഴുവനും അനുപദതർജ്ജമയായി പിന്നാലെ ചേക്കുന്നതാണ്. ഇതു് നമ്മിൽവിശ്വാസമെന്ന പുണ്യത്തെ വർദ്ധിപ്പിക്കുന്നതിനും, ദൈവത്തേയും നിത്യരക്ഷയേയും സംബന്ധിച്ചുള്ള ശരിയായ അറിവ് നമ്മിൽ ഉണ്ടായി പ്രബലപ്പെടുന്നതിനും വളരെ സഹായിക്കുന്നതാണ്.

ഫാദർ അലക്സാണ്ഡർ സി. ഡി.

# സുവിശേഷ വിഹിതോപദേശവും മനുഷ്യ സ്വാതന്ത്ര്യവും.

## II.

മനുഷ്യൻ സ്വതന്ത്രനാകകൊണ്ടു് തൻെറ പ്രവൃത്തികൾക്കു ഉത്തരവാദിയായിത്തീരുന്നു. സല്ക്കർമ്മത്തിനു് സമ്മാനവും ദുഷ്കൃത്യത്തിനു് ശിക്ഷയും അനുഭവിക്കേണ്ടിയിരിക്കുന്നു ഇതിൽനിന്നു് ഒരു പ്രധാനതത്വം വെളിവാകുന്നു. "മനുഷ്യൻ സ്വതന്ത്രനാകുന്നു. അതുകൊണ്ടു് ഒരധികാരിക്കു കീഴ്പെട്ടിരിക്കാൻ ന്യായമില്ല." എന്ന പ്രസ്താവന അവാസ്തവവും അയുക്തികവും തന്നെ. മനുഷ്യൻ സ്വതന്ത്രനാണ്. അതുകൊണ്ടു് അവൻെറ സകല പ്രവൃത്തികൾക്കും അവനു ഉത്തരവാദിത്വം ഉണ്ടു്. മനുഷ്യൻ സ്വതന്ത്രനാണ്, അതുകൊണ്ടു അവൻെറ സ്വാതന്ത്ര്യത്തെ ന്യായമായ വിധത്തിൽ വിനിയോഗിക്കുവാൻ കടപ്പെട്ടവനാകുന്നു. മനുഷ്യൻ സ്വതന്ത്രനാകുന്നു. പക്ഷേ ദൈവത്തിൽനിന്നുത്ഭവിക്കുന്ന സകല അധികാരങ്ങൾക്കും അവൻ കീഴ്പ്പെടേണ്ടവനാകുന്നു. നേരെമറിച്ചു പ്രത്യക്ഷപരോക്ഷ ജീവിതങ്ങളിൽ മനുഷ്യൻ ദൈവത്തിലുള്ള തൻെറ പരിപൂർണ്ണാശ്രയത്തെ സമ്മതിച്ചനുസരിക്കുന്നതു് അവൻെറ മാഹാത്മ്യവും ആനന്ദവും ഒഴിച്ചുകൂടാത്ത കടമയും ആകുന്നു.

സ്വാതന്ത്ര്യത്തെ ദാനം ചെയ്തു ദൈവം തന്നെ ആദ്യം മുതൽ അതിൻെറ വിനിയോഗത്തിനുള്ള നിബന്ധനകളേയും നിർമ്മിച്ചിട്ടുണ്ടു്. "നന്മയുടെയും തിന്മയുടേയും അറിവിൻെറ വൃക്ഷത്തിൽനിന്നുള്ള ഫലങ്ങളെ ഭക്ഷിക്കരുതു്. അതിനെ നിങ്ങൾ എന്നു് ഭുജിക്കുന്നുവോ അന്നു നിങ്ങൾ മരിക്കും. നിശ്ചയം." ഇതുപോലെ തന്നെ അധഃപതനശേഷം മൂശവഴിയായി കല്പിച്ച പത്തുപ്രമാണങ്ങൾ മനുഷ്യസ്വാതന്ത്ര്യത്തേക്കുറക്കുകയല്ലേയൊ ചെയ്യുന്നതു്. എന്നാൽ ഈ കല്പനകൾ എല്ലാം മനുഷ്യനെ അവൻെറ ആ

വസാനദശയിലേക്ക് ആനയിക്കുന്നവയാകകൊണ്ട് ഇവ മനുഷ്യന്റെ യഥാർത്ഥ സ്വാതന്ത്ര്യത്തിനു ഭംഗം വരുത്തുന്നുവെന്ന് പറവാൻ പാടില്ല. ഒരു തെററായ പ്രവൃത്തിമൂലം തന്റെ സ്വാതന്ത്ര്യത്തെക്കാണിക്കുന്നതിന് സുബുദ്ധിയുള്ള ഒരുത്തനും തുനിയുന്നതല്ലല്ലോ. ദിവ്യരക്ഷകൻ ഭൂമിയെ അധിവസിച്ചിരുന്ന കാലത്ത് പല നിബന്ധനകളേപ്പെടുത്തുകയും കല്പനകളേ നൽകുകയും ചെയ്തിട്ടുണ്ട്. ഇവയെല്ലാം നമ്മുടെ മിത്ഥ്യാഭൂതമായ സ്വാതന്ത്ര്യത്തിനു തീർച്ചയായും കുറവുവരുത്തുന്നുണ്ട്. എന്നാൽ ഒരു മനുഷ്യന്റെ പ്രഥമമായ ജോലി ദൈവത്തെ സ്തുതിച്ചു, സ്നേഹിച്ച്, സേവിച്ചു, നിത്യാനന്ദഭാഗ്യത്തെ പ്രാപിക്കേണമെന്നതാണല്ലൊ. ഈ സത്യത്തെ വേണ്ട വിധം ഗ്രഹിച്ച് അതിനേക്കുറിച്ചു ധ്യാനിക്കുന്നതായാൽ മനുഷ്യൻ സ്വർഗ്ഗത്തിലേക്കുള്ള ഏകപന്ഥാവിൽ കൂടി സഞ്ചരിക്കേണ്ട ആവശ്യകത മനസ്സിലാകുന്നതാണ്. ആ പാഥയോ ഏററവും ഇടുക്കമുള്ളതാണ്. നരകത്തിലേക്കു വേണമെങ്കിൽ പലവാതലുകളിലൂടെ പ്രവേശിക്കാം. അതുകൊണ്ടു ഇടുങ്ങിയതെങ്കിലും സന്മാർഗ്ഗികപന്ഥാവിൽകൂടി യാത്രചെയ്യുന്നതിനു നമ്മുടെ സ്വാതന്ത്ര്യത്തെ വേണ്ടുംവണ്ണം ക്രമപ്പെടുത്തി ദൈവകല്പനകൾക്കും ദൈവസ്ഥാപിതമായ തിരുസഭക്കും സസന്തോഷം കീഴ്പ്പെടുകയല്ലയോ ഉത്തമപുരുഷലക്ഷണവും ശരിയായ സ്വാതന്ത്ര്യവും? മ്ശിഹാ ഭൂലോകത്തിൽവന്ന്, സ്വർഗ്ഗം പ്രാപിക്കുന്നതിനു ഏതെല്ലാം വിഷയത്തിൽ നമ്മുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കണമെന്ന് പഠിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഏതെല്ലാം പ്രവൃത്തികൾ മൂലമാണ് രക്ഷപ്രാപിക്കാവുന്നതെന്നും നമ്മെ അറിവിച്ചിട്ടുമുണ്ട്. തന്റെ മരണത്തിനു മുമ്പായി ഈ ജോലിയെ, അതായത് മനുഷ്യരേ, രക്ഷയുടെ ഏകമാർഗ്ഗം ചൂണ്ടിക്കാണിക്കുന്നതിന് ന്യായമായ അധികാരികളേയേല്പ്പെടുത്തി തന്റെ ഈ ദൈവികമായ ജോലി ചെയ്യണമെന്നാജ്ഞാപിച്ചു. "പത്രോസേ നീ പാറയാകുന്നു. ഈ പാറയിന്മേൽ എന്റെ പള്ളി ഞയപ്പണി ചെയ്യും. നരകവാതിലുകൾ ഇതിനെ ജയിക്കുന്നതല്ല." മത്തായി ൧൬. ൧൮. കൂടാതെ താൻ നിയമിച്ച നേതാക്കൾക്ക് പ്രത്യേകാധികാരങ്ങളെ നൽകി. "സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും താക്കോലുകളെ നിങ്ങൾക്കു ഞാൻ തരും. നിങ്ങൾ ഇഹലോകത്തിൽ ബന്ധിക്കുന്നതെല്ലാം പരലോകത്തിലും ബന്ധിക്കപ്പെട്ടും, ഇഹലോകത്തിൽ മോചിക്കുന്നതെല്ലാം പരലോകത്തിലും മോചിക്കപ്പെട്ടും". മത്തായി ൧൬. ൧൯. വിശിഷ്യ, ഈ അധികാരികൾ വിശ്വാസവിഷയത്തിൽ തെററിപ്പോകാതിരിക്കുന്നതിനായിട്ടു കർത്താവു തന്നെ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. "നിന്റെ വിശ്വാസം ചലിക്കാതിരിക്കുന്നതിനായിട്ട് ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടു" ലൂക്കാ ൨൨. ൩൨. അവർ തെററു പഠിപ്പിക്കാതിരിക്കുന്നതിനായിട്ട് മ്ശിഹാ തന്നെ അവരോടുകൂടെ ലോകാവസാനംവരെ സന്നിഹിതനായിരിക്കു"മെന്നു വാഗ്ദാനം ചെയ്യുന്നു. "ഞാൻ നിങ്ങളോടുകൂടെ ലോകാവസാനംവരെ ഉണ്ടായിരിക്കും." ഉദ്ധൃതവാക്യങ്ങളിൽ നിന്നു ദൈവം സ്വസഭയെ ഭരിച്ചു, നരവർഗ്ഗത്തിനു സ്വർഗ്ഗത്തിലേക്കുള്ള വഴി കാട്ടിക്കൊടുക്കുന്നതിനുള്ള പൂർണ്ണാധികാരം തിരുസഭാമേലദ്ധ്യക്ഷനും അദ്ദേഹം മൂലം മററു അദ്ധ്യക്ഷന്മാർക്കും മ്ശിഹാ നൽകിയെന്നു തെളിയുന്നു. ഈ അധികാരത്തെ പ്രയോഗിച്ച് സഭാമേലദ്ധ്യക്ഷന് രക്ഷക്കാവശ്യമെന്നു തോന്നുന്ന സംഗതികളിൽ മനുഷ്യചേതസ്സിനെ ക്രമപ്പെടുത്തുകയും സന്മാർഗ്ഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അങ്ങിനെ ചെയ്യുന്നതിൽ യഥാർത്ഥസ്വാതന്ത്ര്യഭംഗമില്ല. അതുകൊണ്ട് സത്യത്തിന്റെ ഇരിപ്പിടമാകുന്ന കത്തോലിക്കാ സഭയോട് സന്മാർഗ്ഗവിഷയങ്ങളിൽ മത്സരിക്കാവുന്നതല്ല. എങ്കിലും കുബുദ്ധികൾ ഈ സത്യനിക്ഷേപത്തെ ഉന്മൂലനം ചെയ്യുന്നതിനു ഭഗീരഥ പ്രയത്നങ്ങൾ ചെയ്യുന്നതിനെ സഭ, ധീരതയോടെ എതിർക്കുന്നു. തന്മൂലം അവടെ അനശ്വരമായ ശത്രുതയ്ക്കു സഭ പാത്രമായി ഭവിക്കുന്നു. ഇത് സഹിച്ചിട്ടെങ്കിലും സത്യവിശ്വാസികളെ തെററിൽ വീഴുവാൻ സഭ അനുവദിക്കുന്നില്ല.

അതുകൊണ്ടു വിശ്വാസസംബന്ധമായ അന്യാഭിപ്രായദ്വേഷം, അഥവാ, മതവൈരാഗ്യം സത്യതിരുസ്സഭയുടെ ഒരു അത്യാവശ്യമായ ലക്ഷണം തന്നെ. ഇങ്ങനെയുള്ള അന്യാഭിപ്രായദ്വേഷം സത്യത്തിന്റെ ഒഴിച്ചുകൂടാത്ത ചിഹ്നമാണ്. സ്വാതന്ത്ര്യത്തെ വേണ്ടപോലെ നിയന്ത്രണംചെയ്ത്, ദൈവകല്പനകളെ അനുസരിച്ചു ജീവിക്കുന്നതിന് മനുഷ്യനെ നിബ്ബന്ധിക്കുന്നതു സത്യസഭയാകയാൽ, "ഈ അന്യമതദ്വേഷം" കത്തോലിക്കസഭയുടെ സ്വാഭാവിക ലക്ഷണമായിരിക്കേണ്ടതാണല്ലോ. എന്തെന്നാൽ സത്യത്തിന്റെ പ്രധാന ജോലി അതിന്റെ വൈരികളോടു പോരാടുകയാണ്.

മതസംബന്ധമായ വിഷയങ്ങളിൽ മാത്രമല്ലാ, ശാസ്ത്രീയസംഗതികളിലും പ്രസ്തുത വൈരാഗ്യം ധാരാളം കാണാം. ഗണനശാസ്ത്രിയേക്കാൾ അസഹിഷ്ണുതയുള്ളതാർക്കാണ്? വൈഷമ്യമേറിയ ഒരു ചോദ്യം ശരിയായിചെയ്തു ഒരുത്തരംകിട്ടിയാൽ അന്യൻ ആ ഉത്തരം തെററാണെന്നോ, അഥവാ വേറൊരുത്തരം കൂടെ ശരിയായിരിക്കാമെന്നോ പറഞ്ഞാൽ ആ ശാസ്ത്രജ്ഞൻ അതു സമ്മതിക്കുമോ? രണ്ടും രണ്ടും നാലാണെന്നിരിക്കെ ഒരുവേള അഞ്ചായിരിക്കാമെന്നു പറഞ്ഞാൽ ആരാണു അക്ഷമനാകാത്തതു? എന്തെന്നാൽ അങ്ങിനെ പറയുന്നതു് സത്യവിരുദ്ധമാകുന്നു. ഇതുപോലെയാണ് കത്തോലിക്കാ സഭയുടെ സ്ഥിതിയും ദൈവദത്തമായിട്ടുള്ള എല്ലാ സത്യങ്ങളുടെയും നിക്ഷേപവും കാവലും സഭയാണെന്ന് അതിനു ദൈവീകമായ ഉറപ്പും വിശ്വാസവുമുണ്ട്. അങ്ങനെയിരിക്കെ ആ സത്യങ്ങൾക്കെതിരായിപ്പോരാടി, വരുന്ന തെററുകളെ തന്റെ ദിവ്യവൃത്തിക്കനുരൂപമായ വിധത്തിൽ തടയുന്നതുകൊണ്ടു യഥാർത്ഥ സ്വാതന്ത്ര്യത്തിന്നു ഭംഗംവരുന്നതല്ലല്ലോ.

ഫാദർ ജോസഫ് സി പഞ്ഞിക്കാരൻ
എം. ഏ.

# ആധുനിക വിദ്യാർത്ഥിലോകത്തിലെ ന്യൂനതകളും നിവൃത്തിമാർഗ്ഗങ്ങളും.

സാക്ഷാൽ ഇളംലതാസദൃശമായ ബാലഹൃദയങ്ങളെ സന്മാർഗ്ഗ പദ്ധതിയിലൂടെ നയിക്കുന്നതിന് അദ്ധ്യാപകന്മാരും രക്ഷാകർത്താക്കന്മാരും സർവ്വ പ്രയത്നവും ചെയ്യേണ്ടതാണെന്നു സകലരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാകുന്നു. എന്നാൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി നോക്കുന്നെങ്കിൽ, കുട്ടികളെ ഉന്നത മാർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതിനുള്ള ശക്തി മാതാപിതാക്കന്മാർക്കാകട്ടെ രക്ഷാകർത്താക്കന്മാർക്കാകട്ടെ അദ്ധ്യാപകന്മാർക്കാകട്ടെ വേണ്ടടത്തോളം ഉണ്ടെന്നു പറഞ്ഞുകൂടാ.

തന്നിമിത്തം അടുത്ത ഭാവിയിൽ പൌരപ്രൌഢവല്ലികളായി സന്മാർഗ്ഗതരുക്കളിൽ പടർന്നു വിശിഷ്ട ഗുണഗണപുഷ്പസഞ്ചയങ്ങളോടുകൂടി പ്രദ്യോതിച്ചു, ഭാവിലോകത്തെ ആനന്ദസാഗരത്തിൽ നിമഗ്നമാക്കേണ്ട കോമളബാലവല്ലികൾ ആഹാര ദൌർല്ലഭ്യത്താൽ ഉണങ്ങിയും ഞെരണ്ടും ചിലപ്പോൾ അപഥ്യാഹാരം നിമിത്തം ചീഞ്ഞു ദുർഗ്ഗന്ധവാഹിനികളായും തങ്ങളുടെയും ഇതരന്മാരുടെയും നാശഹേതുക്കളായി പരിണമിക്കുന്നതു കാണുമ്പോൾ ഏതൊരു സജ്ജനഹൃദയമാണ് നിശ്ചലമായിരിക്കുന്നത്.

ഇപ്പോഴത്തെ വിദ്യാർത്ഥി ലോകത്തിന്റെ സ്ഥിതി എത്ര പരിതാപകരമായിരിക്കുന്നു എന്ന് അനുഭവസ്ഥന്മാരായ പല രക്ഷാകർത്താക്കന്മാർക്കും, വിദ്യാർത്ഥി ലോകത്തോടു യഥാർത്ഥ പരിചയമുള്ള സകലർക്കും ഏറെക്കുറെ അറിയാവുന്നതാണ്. "എന്റെ കുഞ്ഞേ, പള്ളിക്കൂടത്തിലേക്കു കുട്ടികളെ അയച്ചുകഴിഞ്ഞാൽപ്പിന്നെന്നോ

ക്കണം, വീട്ടിൽ വന്നാൽ അശേഷം അനുസരണയും വിനയവുമില്ല” എന്നും മറ്റും മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന കുഗ്രാമ നിവാസികളായ പല വയസ്സന്മാരെയും എനിക്കു പരിചയമുണ്ട്. “എന്റെ മകനെ പള്ളിക്കൂടത്തിൽ ആക്കുന്നതിനു മുൻപ് അവന്റെ സ്വഭാവം എത്ര നന്നായിരുന്നു! ഇപ്പോൾ അവന്റെ നടപ്പു കാണാൻ പാടില്ലേ? പിൻസവ്വം ചീകി മിനുക്കി, കൈയിൽ പൊടിഡപ്പിയും ചുരുട്ടും മാറാതെ, അവനെപ്പോലുള്ള രസികന്മാരോടു രാപകൽ സംസാരിച്ചും സന്തോഷിച്ചും കഴിക്കുന്നതിനേ അവനു സമയമുള്ളു. വൈകുന്നേരം വലയും കുന്തക്കോലുമായി പുറപ്പെട്ടാൽ രാത്രി പത്തുമണിക്കാണ് തിരിച്ചുവരവ്. ഈയുള്ളവർ അവനെപ്പോലെ പഠിപ്പില്ലാത്തതുകൊണ്ട് എന്തു പറയുന്നു. വല്ലതും പറഞ്ഞാൽ “പിന്നെ, അടങ്ങിയിരുന്നുകൊള്ളണം. എനിക്കു വയസ്സു പത്തിരുപതായി ഇനിയും എന്നെയല്ലേ പഠിപ്പിക്കാൻ വരുന്നതു്. അച്ഛനാണെങ്കിൽ അച്ഛന്റെ സ്ഥാനത്തിരുന്നാൽ ബഹുമാനിക്കും. അല്ലെങ്കിൽ . . . പ്പോലെ . . . .” ഈ വിധമൊക്കെ ഇങ്ങോട്ടു തട്ടിക്കേറുകയായി. ഞാൻ ഈ വയസ്സുകാലത്തു് അവനെ പള്ളിക്കൂടത്തിൽ അയക്കാതിരുന്നെങ്കിൽ കടംകൊണ്ടു തറവാട്ടു മുടികയില്ലായിരുന്നു. എന്റെകൂടെ നിന്നു വല്ല കൃഷിയും ചെയ്തു അവൻ കാലം കഴിക്കുമായിരുന്നു.” എന്നൊക്കെ, തങ്ങളുടെ വയോവൃദ്ധന്മാരായ രക്ഷാകർത്താക്കന്മാർ അവലാതി പറയത്തക്കവണ്ണം, അത്ര ദുർമ്മാർഗ്ഗികളും ദുഷ്ടന്മാരുമായ വിദ്യാർത്ഥികളുടെ സംഖ്യ അടിക്കടി വദ്ധിച്ചുവരുന്നതു കാണുമ്പോൾ ആൎക്കാണ് ഭാവിലോകത്തിന്റെ ദയനീയാവസ്ഥയെക്കുറിച്ചു പരിതാപം തോന്നാത്തതു്?

ഇപ്പോൾ മഹത്തുക്കളെന്ന ഭാവത്തിൻ, ഉദ്യോഗത്തിൽ തെളിഞ്ഞു കയറിയിരിക്കുന്ന ദുർമ്മാർഗ്ഗികളായിരുന്ന വിദ്യാർത്ഥികളെക്കൊണ്ടു കഷ്ടപ്പെടുന്ന ജനങ്ങളുടെ സംഖ്യ ഒട്ടും കുറവല്ലെന്നു ലോകപരിചയമുള്ള എല്ലാവക്കും അറിയാവുന്നതാണ്. “ആ . . . ടെ വരവോടുകൂടി ഞങ്ങളുടെ നാട്ടുമുടിഞ്ഞു. ചെന്നാലുടനെ അൻപതു കൊട്ടത്തില്ലെങ്കിൽ ഇടികൊണ്ടു ചങ്കു തകരും. കാൎയ്യത്തിന്റെ വാസ്തവം ആരു തിരക്കുന്നു. നൂറു കൊട്ടത്താൽ കേസു തിരിച്ചു വാദിയുടെ മണ്ടക്കു്; അരഡോസ് എടുത്തിരിക്കുമ്പോൾ, രഹസ്യമായി കൊണ്ടുചെന്ന് അതു മുഴുവനാക്കാമെങ്കിൽ എന്തും സാധിക്കും. എന്നാൽ ഇതൊക്കെ ആയാലും അവന്റെ ബുദ്ധി കുറെ കട്ടിതന്നെ— തരംനോക്കി നില്ക്കാനുള്ള സൂത്രമൊക്കെ അയാൾക്കു അറിയാം. എത്ര ഹർജികൾ അയച്ചാലും അതിനൊക്കെ വേണ്ട സമാധാനം പറയും. വെറുതെയല്ല. ബി. ഏ. പാസായിട്ടുണ്ട്. ഇപ്പോൾ ബി. എൽ. ന് വായിക്കണമെന്നു മോഹമുണ്ടെന്നു കേൾക്കുന്നു. അതുകൂടെ കഴിഞ്ഞാലത്തെ അവസ്ഥ എന്തായിരിക്കുമൊ?” എന്നും മറ്റും ആളുകൾ ചിലരെപ്പറ്റി അഭിപ്രായം പുറപ്പെടുവിക്കുന്നതും, ഇക്കൂട്ടരിൽനിന്നു ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടും, പലപ്പോഴും നാം കണ്ടും കേട്ടും അനുഭവിച്ചും അതിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കി വരുന്നുണ്ട്.

മുൻപറഞ്ഞ മാതിരിയിലുള്ള വിദ്യാർത്ഥികളുടെ അടുത്ത പടി ഏതാണ്ടു ഇതുപോലെയൊ, ഇതിനെക്കാൾ പരിതാപകരമായ നിലയിലൊ ആയിരിക്കുമെന്നു നമുക്കു ഒരുവിധം തീർച്ചയായിപ്പറയാം. ഇക്കൂട്ടരുടെ ദുർമ്മദത്തെ ശമിപ്പിച്ച് ലോകത്തിന്റെ നാശത്തെക്കുറസ്സുന്നതിനു ഗവമ്മെൻറിൽനിന്നു വേണ്ട ഏപ്പാടുകൾ ചെയ്തിരിക്കെ, ഇനിയും അതിയായ അനുകമ്പ നിമിത്തം അപ്രകാരം പ്രവൎത്തിക്കുന്നതിനു ധൈൎയ്യപ്പെടാത്ത അധികൃതന്മാരുടെ ആർദ്രത കേമം തന്നെ.

വിദ്യാഭ്യാസത്തിലുള്ള അഭിരുചി വിദ്യാർത്ഥികളിൽ പ്രതിദിനം വദ്ധിച്ചുവരുന്ന സ്ഥിതിക്ക്, ഈ വക ദൂഷ്യങ്ങളെ പരിഹരിക്കുന്നതിനുള്ള എളുപ്പ വഴി, പള്ളിക്കൂടങ്ങളിൽ സന്മാർഗ്ഗികളായ അദ്ധ്യാപകന്മാരെയും, സൽഗ്ഗുണനിബിഡങ്ങളായ പുസ്തകങ്ങളെയും മാത്രം നിശ്ചയിക്കുകയാണല്ലൊ. അതിൽ ഒന്നാമത്തേതു നടപ്പിൽ വരുത്തുന്നതിനു അധികൃതന്മാൎക്കു അല്പം പ്രയാസമുള്ളതുകൊണ്ടും, രണ്ടാമത്തേതു താദൃശങ്ങളായ പുസ്തകങ്ങ

ളുടെ ദൌൎല്ലഭ്യവും, ശൃംഗാര രസപ്രധാനങ്ങളായ കൃതികളുടെ ബാഹുല്യവും നിമിത്തവും, രണ്ടും ശ്രമസാദ്ധ്യമായിത്തീൎന്നിരിക്കുന്നു.

എന്നാൽ മലയാള സാഹിത്യത്തിൽ സന്മാൎഗ്ഗ പ്രതിപാദകങ്ങളായ പുസ്തകങ്ങൾ വദ്ധിക്കുന്ന പക്ഷം, അദ്ധ്യാപകാദ്ധ്യേതാക്കളുടെ സ്വഭാവം വേണ്ടുംവണ്ണം രൂപീകരിക്കപ്പെടുന്നതിന് വളരെ സഹായിക്കയും തന്നിമിത്തം ഭാവിലോകത്തിന്റെ ആദ്ധ്യാത്മികവും മാനസികവും, കായികവുമായ ശക്തി വളരെ അധികം അഭിവൃദ്ധിപ്പെടുകയും ചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിനാൽ സന്മാൎഗ്ഗവിരുദ്ധവും ശൃംഗാരസപ്രധാനവും ആയ പുസ്തകങ്ങളെ വിദ്യാൎത്ഥി ലോകത്തിന്റെ ആവശ്യത്തിനായി, അധികൃതന്മാർ ഒരിക്കലും തെരഞ്ഞെടുത്തുകൂടാത്തതാണെന്നു സ്പഷ്ടമാണല്ലൊ. പാഠ്യപുസ്തകങ്ങളായി തെരഞ്ഞെടുക്കുന്നതിനു മുമ്പ് പുസ്തകങ്ങളെ ഓരോമെമ്പ്രറും ആപാദചൂഡം വായിക്കുന്നതായാൽ ഇതിനു വളരെ എളുപ്പമുള്ളതാണ്. ഗ്രന്ഥകൎത്താക്കൾതന്നെ സന്മാൎഗ്ഗനിരതന്മാരും തങ്ങളുടെശൃംഗാര രസാധിക്യത്തെ അന്യരെ ഗ്രഹിപ്പിക്കുന്നതിൽ വൈമുഖ്യമുള്ളവരും ആയിരുന്നാൽ അതിലും എളുപ്പമുണ്ട്.

എം. ടി. ജെ.

---

## ഞങ്ങളുടെ കഥാപംക്തി.

### "ഇതൊരു കഥയല്ല"

"സെയിൻറു അന്തോനിയുടെ ഗൈഡ്" (St Antony's Guide) എന്ന വാക്യത്തിലെ വാക്കുകളുടെ ആദ്യ അക്ഷരങ്ങളായ "എസ്. എ. ജി." (S. A. G) ക്രിസ്ത്യാനികളിൽ പലരും അയക്കുന്ന കത്തുകളുടെ പുറത്തു പതിവായി എഴുതിവരുന്നതുകൂടാതെ ഈ അടയാളമുള്ള എഴുത്തുകൾ റജിസ്റ്റർ ചെയ്യുവയേപ്പോലെ മേൽവിലാസക്കാൎക്കു കിട്ടിക്കൊണ്ടിരിക്കുന്നതായും നാം അറിയുന്നു. ഈ ആചാരം, ഉരുപ്പടികൾ നഷ്ടപ്പെടാതിരിക്കത്തക്കവണ്ണം സൂക്ഷിക്കുന്നവനും, കാണാതെ പോകുന്ന സാധനങ്ങളെ കണ്ടുപിടിക്കുന്നവനുമായ വി. അന്തോനിസിന് കടപ്പെട്ടിരിക്കുന്നതായിട്ടു തന്നെയാണ് സാധാരണ വിശ്വസിച്ചുപോരുന്നത്. എന്നാൽ ഈ ആചാരത്തിന്റെ ഉത്ഭവത്തെപ്പററി പലരും കേട്ടിരിപ്പാനിടയില്ലാത്തതിനാൽ വിവരം ചുവടേ ചേൎക്കുന്നു.

സ്പെയിൻ രാജ്യത്തിൽ "ഒവീഡോ" (Oviedo) എന്ന പട്ടണത്തിലെ ഒരു കച്ചവടക്കാരനായ ഡോം അൻറോണിയോ ഡാൻറിക്കു (Dom. Antonio Dantie) ൧൮൭൨–ൽ കച്ചവടസംബന്ധമായ ഒരു ദീൎഘയാത്ര കഴിക്കേണ്ടതായി വന്നുകൂടി. തെക്കേ അമേരിക്കായിലേക്കുള്ള യാത്ര തന്റെ അഭിലാഷത്തിനു വിപരീതമായി മുടങ്ങുകയും ൧൮൭൩–ാം വത്സരത്തിന്റെ ഒരു മുക്കാൽഭാഗവും ലീമാ (Lima) യിൽ കഴിച്ചുകൂട്ടേണ്ടതായും വന്നു. അതിനിടയിൽ തന്റെ ഭാൎയ്യ ഫ്രാൻസിസ്കാ പല എഴുത്തുകൾ എഴുതീട്ടും ഒന്നിനുപോലും മറുപടി കിട്ടാഞ്ഞതിൽ അവൾ നിരാശ, ആധി, ഏററം കഠിനമായ ദാരിദ്ര്യം ഇതുകൾക്കു പാത്രീഭൂതയായി.

അവൾ ഒരു ദിവസം പതിവുപോലെ ഒവീഡോ (Oviedo) യിലെ വി. ഫ്രംസീസ്കോസു സഭക്കാരുടെ ദേവാലയത്തിൽ ചെന്നു. അവിടെ വളരെ വണങ്ങപ്പെട്ടുവന്നിരുന്ന വി. അന്തോനീസു പുണ്യവാന്റെ കൈയിൽ, ഭൎത്താവിന്റെ പേൎക്കു എഴുതിയ ഒരു കത്തു വച്ചുകയും വി. പുണ്യവാൻ അതു സ്വഭൎത്താവിനു എത്തിച്ചുകൊടുക്കുന്നതിനും ഒരു മറുപടി മേടിച്ചു കൊണ്ടുവരുന്നതിനും ആയിട്ടു ഏററം ഭക്തിയോടും വിശ്വാസത്തോടുംകൂടി സ്വരൂപത്തിൻ മുമ്പാകെ പ്രാൎത്ഥിക്കയും ചെയ്തുംവച്ച് വീട്ടിലേക്കു മടങ്ങി.

പിറേറന്നു കാലത്തു പതിവുപോലെ റി. അന്തോനീസിൻെറ മുമ്പിൽ അപേക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ സ്വത്രുപത്നിയുടെ കൈയിൽ ഒരു എഴുത്തു ഇരിക്കുന്നതു അവൾകണ്ടു അതു താൻ തലേദിവസം വച്ച എഴുത്തായിരിക്കുമെന്നു വിചാരിച്ച് വി. പുണ്യവാൻ തന്നെ നിരാശപ്പെടുത്തിയതിൽ ഖേദിച്ച് വളരെ വണക്കത്തോടുകൂടി തൻെറ രോദനാസമ്മിശ്രമായ ആവലാതിയെ തുടൎന്നുകൊണ്ടിരുന്നു. എന്തെന്നാൽ വി. അന്തോനീസ് തൻെറ പേരിൽ ഒരു അത്ഭുതം പ്രവൎത്തിക്കുമെന്നു ആ സാധുസ്ത്രീ ആശിച്ചിരുന്നു.

സങ്കീൎത്തിക്കാരനായ സന്യാസപട്ടക്കാരൻ ഈ സ്ത്രീയുടെ കരച്ചിൽ കേട്ടുചെന്ന് കാരണമെന്തെന്നു അറിവാനായി അവളോടു ചോദിച്ചപ്പോൾ എഴുത്തെ സംബന്ധിച്ച ചുരുങ്ങിയ ചരിത്രം അത്ഭുതത്തോടു അവൾ പറഞ്ഞു. ഈ സന്യാസി വി സ്വത്രുപത്നിയുടെ കൈയിൽ ഒരു എഴുത്തു ഇരിക്കുന്നതുകണ്ടു വലിച്ചെടുക്കാൻ ശ്രമിച്ചു; എങ്കിലും സാധിക്കാഞ്ഞതിൽ അരികെ കണ്ണുനീർ വാൎത്തുകൊണ്ടു നിൽക്കുന്ന സ്ത്രീയോടു അടുത്തുചെന്നു എഴുത്തെടുക്കുന്നതിന് ആജ്ഞാപിച്ചു. അവൾ യാതൊരു പ്രയാസവും കൂടാതെ എഴുത്തു വലിച്ചെടുക്കയിൽ ഇതാ! എന്തൊരു അത്ഭുതം! ൩൦൦ സ്വൎണ്ണനാണയം എഴുത്തോടുകൂടി താഴെ വീണു്. ശ്രീമതി പ്രാൻസീസ്സാ ഡാൻറിക്കു (Dna Fransesca Dante) എന്ന മേൽവിലാസത്തിൽ കണ്ട എഴുത്തു പൊട്ടിച്ചു അവൾ ഇപ്രകാരം വായിച്ചു.

"എൻെറ പ്രേമഭാജനമെ! ഞാൻ ഈ ലീമാ (Lima) യിൽ വന്നതിൽപിന്നെ ഭവതിയുടെ യാതൊരു വിശേഷങ്ങളും അറിയാതെ സഹിക്കവയ്യാത്ത മനോവേദന അനുഭവിച്ചുകൊണ്ടിരിക്കയിലാണ് അവിടെനിന്നും അയച്ച എഴുത്തു വി. പ്രാൻസിസ്സോസ് സഭക്കാരനായ ഒരു സന്യാസി എൻെറപക്കൽ കൊണ്ടുവന്ന് തന്നതു്. അതു എന്നെ എത്രമാത്രം സന്തോഷചിത്തനാക്കിയെന്നു എഴുതി അറിക്കാൻ പ്രയാസം. എഴുത്തു പൊട്ടിച്ചു വായിച്ചതിൽ ഭവതി എനിക്കു അനേകം എഴുത്തുകൾ എഴുതിയിരുന്നു എന്നും അതിനു ഒന്നിനും ഞാൻ മറുപടി അയച്ചില്ലെന്നും അറിയുന്നതിൽ അത്ഭുതപ്പെടുന്നു. എന്തെന്നാൽ ഈ ഒരു കത്തല്ലാതെ വേറെ ഒന്നുപോലും എനിക്കു കിട്ടീട്ടില്ല. അവിടെ തീൎച്ചയായി കിട്ടത്തക്കവണ്ണം ഞാൻ ഈ എഴുത്തും ൩൦൦ സ്വൎണ്ണനാണയവും ഈ സന്യാസിവശം തന്നെ അയക്കുന്നു. ഭവതിയെ താമസംവിനാ വന്നുകാണുന്നതിന് കാംക്ഷിക്കയും മററു വിവരങ്ങൾക്കായി പാൎത്തിരിക്കയും ചെയ്യുന്നു."

നിന്നെ സൎവ്വശക്തനായ ദൈവത്തിൽ ഭരമേല്പിച്ചുകൊണ്ട് എഴുതിയതു് വാത്സല്യഭൎത്താവു്.

അൻേറണിയോ ഡാൻറി
'Antonio Dante' (ഒപ്പു്)

* സ്പാനീഷ് ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഈ കത്തിൻെറ അസൽപ്രതി ഒവീഡോ (Oviedo) യിൽ ഇപ്പോഴും സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്.

പുരയ്ക്കൽ മാത്യുശമ്മാശ്ശൻ എം. ഏ.

## ചോദ്യോത്തരപ്പെട്ടി.

കൎമ്മലകുസുമം പത്രാധിപരവർകൾക്ക്
മാന്നാനം.

സാർ, കൎമ്മല ഉത്തരീയ സഭയിൽ ചേരുന്നതിനു എന്തുചെയ്യണമെന്നും ഉത്തരീയം ധരിക്കുന്നവൎക്കു സിദ്ധിക്കുന്ന ഭണ്ഡവിമോചനങ്ങളേവയെന്നും അറിവാനാഗ്രഹമുണ്ട്. സമാധാനം അടുത്ത കുസുമത്തിൽ തന്നെ ചേൎത്തുകാണ്മാൻ അപേക്ഷ.

എന്ന് വിധേയൻ പി. കെ. ടി.



കർമ്മേലുത്തരീയ സഭയിൽ ചേരുന്നതിനു ഒന്നാമതായി അധികാരമുള്ള പട്ടക്കാരനിൽ നിന്ന് മുറപ്രകാരം ഉത്തരീയം സ്വീകരിക്കണം. രണ്ടാമത്, രാവും പകലും ഇതു ധരിച്ചിരിക്കണം. ചേൎന്നു കഴിഞ്ഞാൽ സഭാപുസ്തകത്തിൽ പേരെഴുതിച്ചേൎത്തിരിക്കേണ്ടതുമാണ്.

I. യാതൊരുത്തൻ കുമ്പസാരിച്ചു കുൎബ്ബാനകയ്ക്കൊണ്ട ശേഷം പരിശുദ്ധപിതാവിൻെറ നിയോഗപ്രകാരം പ്രാൎത്ഥിക്കുന്നതായാൽ ൧. "സഖ്യതയിൽ ചേരുന്ന ദിവസത്തിലും, കർമ്മേലമാതാവിൻെറ തിരുനാളിലും പൂൎണ്ണദണ്ഡവിമോചനം ലഭിക്കാവുന്നതാണ്.

II. കൎത്താവിൻെറപിറവി, പെസഹാ, ദുഃഖവെള്ളിയാഴ്ച, കൎത്താവിൻെറ ആരോഹണം, കന്യകമറിയത്തിൻെറ അമലോത്ഭവം, പിറവി, വചനിച്ച തിരുനാൾ, ശുദ്ധീകരണം, കരേററം, മറിയത്തിൻെറ തിരുഹൃദയം, സന്ദൎശനം, കാഴ്ചവെപ്പ്, വിശുദ്ധ യൌസേപ്പിൻെറ മരണം, മാദ്ധ്യസ്ഥ്യം, വിശുദ്ധ ത്രേസ്യാപുണ്യവതിയുടെ തിരുനാൾ, കുരിശിൻെറ യോഹന്നാൻെറ തിരുനാൾ. ഈ പ്രത്യേകദിവസങ്ങളിൽ കുമ്പസാരിച്ചു കുൎബ്ബാനകൈക്കൊണ്ടു കർമ്മേലീത്താ സന്ന്യാസികളുടെ പള്ളി അടുത്തുണ്ടെങ്കിൽ അതിലും, ഇല്ലാത്തപക്ഷം സ്വന്തം ഇടവകപ്പള്ളിയിലും ചെന്നു വിസീത്തകഴിച്ചു, പരിശുദ്ധ പിതാവിൻെറ നിയോഗപ്രകാരം പ്രാൎത്ഥിക്കുന്നതായാൽ, പൂൎണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. കർമ്മേലീത്താ സഭക്കാരുടെ പള്ളികളിൽ, കർമ്മല ഉത്തരീയത്തിരുനാളിൻെറതലേദിവസം ഉച്ചയ്ക്കുശേഷം "തോസിയസ് കോസിയസ്" എന്ന ദണ്ഡവിമോചനവും പ്രാപിക്കാവുന്നതാണ്.

III. മരണനേരത്തു പൂൎണ്ണദണ്ഡവിമോചനം പ്രാപിക്കാം. ഈ ദണ്ഡവിമോചനങ്ങളെല്ലാം ; ശുദ്ധീകരാത്മാക്കൾക്കവേണ്ടി നിയോഗിക്കപ്പെടാവുന്നതുമാണ്. കൂടാതെയും കർമ്മേലീത്താ നിഷ്പാദുക സഭക്കാർ ചെയ്യുന്ന തപസ്, ധ്യാനം, പ്രാൎത്ഥന, കുൎബ്ബാന, വിസീത്ത എന്നുവേണ്ടാ അവരുടെ സകല പുണ്യപ്രവൃത്തികളുടെയും ഒരു ഭാഗം കർമ്മല ഉത്തരീയം ധരിക്കുന്നവൎക്കെല്ലാവൎക്കും സിദ്ധിക്കുന്നതായിരിക്കും.

N. B.– കർമ്മല ഉത്തരിയഫലങ്ങളെല്ലാംഒരുവനലഭിക്കുന്നതിനുആദ്യമേതന്നെ പ്രസ്താവിച്ചിട്ടുള്ള സാധാരണനിയമങ്ങളനുസരിക്കുന്നതുമെന്യേ, "അന്തസ്സി"ന്നടുത്ത ശുദ്ധത കാക്കുന്നതിനു കടമയുണ്ട്. അത്രമാത്രവുമല്ല. കന്യകമറിയത്തിൻെറ ചെറിയ ഒപ്പീസ് പ്രതിദിനം ചൊല്ലുകയോ അല്ലാത്തപക്ഷം, മുടക്കപ്പെട്ടിട്ടു

കൎമ്മേലനാഥയെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

ള്ള ദിവസങ്ങളിൽ മാംസം ഭക്ഷിക്കാതിരിക്കുന്നതുകൂടാതെ ബുധൻ, വെള്ളി, ശനി എന്നീദിവസങ്ങളിലും അതു് വർജ്ജിക്കേണ്ടിയിരിക്കുന്നു. ഇതു രണ്ടും നിറവേറ്റുന്നതിനു നിവൃത്തിയില്ലാത്തവർ അധികാരമുള്ള കുമ്പസാരക്കാരനിൽനിന്നു അനുമതി വാങ്ങിയിരിക്കേണ്ടതാണു്.

# തിരുഹൃദയഭക്തന്മാർ ൧൯൧൯ കർക്കടകമാസത്തിൽ വെക്കേണ്ടിയ പൊതുനിയോഗം.

## “കുട്ടികളുടെ കുരിശുയുദ്ധം.



ഓർശ്ലെം മുതലായ തിരുസ്ഥലങ്ങളെ തുർക്കികളുടെ ആധീനത്തിൽനിന്നു രക്ഷിച്ചെടുക്കുന്നതിന്നു ക്രിസ്ത്യ രാജാക്കന്മാരുംക്രിസ്ത്രീയസൈന്യങ്ങളും ഒന്നിച്ചുചേർന്നു നടത്തിയ മഹാ യുദ്ധമാണു “ക്രൂസൈഡു്” അഥവാ കുരിശുയുദ്ധം എന്നു പറയപ്പെടുന്നതു്. എന്നാൽ പിന്നീടു പുണ്യകാര്യങ്ങൾക്കായി പലർ യോജിച്ചു ചെയ്യുന്ന വലിയ വേലകൾക്കും പരിശ്രമങ്ങൾക്കും “ക്രൂസൈഡു” അഥവാ കുരിശുയുദ്ധം” എന്നപദം ഉപയോഗിക്കപ്പെട്ടു വരുന്നു. ഇവിടെ കുട്ടികളുടെ “ക്രൂസൈഡ്” എന്നു പറയപ്പെട്ടിരിക്കുന്നതു രണ്ടു അർത്ഥത്തിൽ ഗ്രഹിക്കാവുന്നതാണു്. കുട്ടികൾ ഒന്നിച്ചു സഖ്യം ചേർന്നു ഓരോ പ്രത്യേക നന്മകൾ ദൈവത്തിൽനിന്നു ലഭിപ്പാനായി പ്രാർത്ഥനയുടെ ഒരു “ക്രൂസൈഡ്” നടത്തുന്ന സംപ്രദായമുണ്ടു്. ഇപ്രകാരം ആധുനിക മഹായുദ്ധത്തിന്റെ അവസാനഘട്ടത്തിൽ അനേകായിരം കത്തോലിക്കാ കുട്ടികൾ സഖ്യം ചേർന്നു വിശുദ്ധ കുബ്ബാന കൈക്കൊണ്ടു സമാധാനത്തിന്നായി പ്രാർത്ഥിക്കയും, വിവരം സങ്കലിത സൈന്യാധിപൻ ജനറൽ ഫോഷിനെ അറിയിക്കയും ചെയ്തു. ഈ കുട്ടികളുടെ സ്തുത്യർഹമായ ഈ പരിശ്രമത്തെ ശ്ലാഘിച്ചു അദ്ദേഹം അയച്ച മറുപടി “കുസുമ”പംക്തികളിൽ ചേർത്തിരുന്നതാണല്ലോ. ഈ വിധം അജ്ഞാനികൾ, ഇടത്തൂട്ടുകാർ, ശീശ്മക്കാർ, പാപികൾ മുതലായവരുടെ മനസാന്തരത്തിന്നായി കുട്ടികൾ പ്രാർത്ഥിക്കുന്നതു വലിയ ഒരു “ക്രൂസൈഡാ” യിരിക്കും. കറയില്ലാത്ത പൈതങ്ങളുടെ അപേക്ഷ ദൈവത്തിന്നു ഏററം ഇഷ്ടമുള്ളതാകയും ചെയ്യും.

ഇനി വേറെ വിധത്തിൽ കുട്ടികളുടെ “ക്രൂസൈഡ്” നടത്താനുള്ളതു് യുദ്ധം, ദാരിദ്ര്യം ഇത്യാദികൾമൂലം ഇപ്പോൾ പലേ ബാലന്മാർക്കും നേരിട്ടിരിക്കുന്ന നികൃഷ്ട സ്ഥിതിയിൽനിന്നു അവരെ വിമുക്തരാക്കിത്തീർക്കുന്ന കാര്യം സംബന്ധിച്ചാണു്. കുട്ടികളുടെ വേദോപദേശ പഠനം പലേ രാജ്യങ്ങളിലും ശരിയാ

---

“ഓ! എന്റെ രാജ്ഞി! അങ്ങേ കാരുണ്യാതിരേകത്താലല്ലയോ വരപ്രസാദത്തേയും മഹിമയേയും നീ ഞങ്ങൾക്കു തരുവിക്കുന്നതു? അങ്ങേ സ്നേഹിക്കാതിരിക്കുന്നതിനു ആർക്കുകഴിയും?” വിശുദ്ധ ബൊനവെന്തുരാ. (ഈ പുണ്യവാന്റെ തിരുനാൾ ഈ മാസം ൧൮-ാംനു-യാണു്.)

യി നടത്തപ്പെടായ്കയാൽ, കുട്ടികൾക്ക് ദൈവത്തെ സംബന്ധിച്ചും സ്വന്ത രക്ഷയെപ്പററിയും ശരിയായ അറിവുണ്ടാകാതെ, ലൌകിക പഠനങ്ങൾ മാത്രം സമ്പാദിച്ചുകൊണ്ടു പാപത്തിൻെറ ദാസ്യത്തിൽ വളരെ കുട്ടികൾ അകപ്പെട്ടിരിക്കുന്നു. ശരിയായി ഇവരുടെ വേദപഠനം നടത്തിക്കൊണ്ടും അനാഥബാലന്മാരുടെ ലൌകികവും ആത്മികവുമായ കാര്യങ്ങളെ അന്വേഷിച്ചുകൊണ്ടും ഇരിക്കുന്നതു ശ്ലാഘനീയമായ ഒരു കൃസൈഡായിരിക്കുമെന്നതിന്നു സംശയമില്ല. ആകയാൽ രണ്ടുവിധത്തിലും കുട്ടികളുടെ കുരിശുയുദ്ധം ഫലസിദ്ധിയുള്ളതാകുന്നതിന്നു തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്.

## അനുമോദനക്കത്തു്.

വരാപ്പുഴ മെത്രാപ്പോലീത്താ നി. വ. ദിവ്യശ്രീ ഏയിഞ്ചൽ മേരി തിരുമനസ്സുകൊണ്ട് ഞങ്ങൾക്കു സദയം അയച്ചുതന്ന ഒരു ഇംഗ്ലീഷ് കത്തിൻെറ തർജ്ജമ താഴെ ചേർക്കുന്നു:—

"...... ..... മലങ്കരയിൽ വളരെക്കാലമായിട്ട് "കർമ്മെലകുസുമം" ചെയ്തുവരുന്ന സൽപ്രവൃത്തികളേയും, ഈയിടെ മാസികസംബന്ധിച്ചു ചെയ്തിട്ടുള്ള എല്ലാ പരിഷ്കാരങ്ങളേയും ഞാൻ അത്യധികം വിലമതിക്കുന്നു. നിങ്ങളേയും മാസികയേയും ഹൃദയപൂർവ്വം അനുഗ്രഹിക്കയും, കേരളത്തിലെ എല്ലാ കുടുംബങ്ങളിലും ഭക്തിയും പരിശുദ്ധിയും വദ്ധിക്കുന്നതിനു 'കുസുമം' സംഗതിയാക്കാൻ ജഗദീശ്വരനെ പ്രാർത്ഥിക്കയും ചെയ്യുന്നു.

† FR. ANGEL MARY,
*Archbp. of Verapoly.*

## വൃത്താന്തശകലങ്ങളും വിമർശനങ്ങളും

ബോംബയിലെ മെത്രാപ്പോലീത്താ പരേതനായിട്ട് കുറേ വഷങ്ങളായിട്ടും പുതിയതായി ഒരുത്തരേയും തൽസ്ഥാനത്തേക്കു ഇതുവരെയും നിയമിച്ചിട്ടില്ലായിരുന്നു. ജർമ്മൻപ്രോവിൻസിൽപെട്ട ജസ്വീത്തരായിരുന്നു പ്രസ്തുത മിസ്സം ഭരിച്ചുവന്നിരുന്നതു്. യുദ്ധം മൂലം ജർമ്മൻകാരുടെ സ്ഥിതി ആകപ്പാടെ മാറിയിരിക്കുന്ന സ്ഥിതിക്കു ബോംബെരൂപത ഏതു രാജ്യക്കാൎക്കു വിട്ടുകൊടുക്കണമെന്നുള്ള കാര്യം തീരുമാനിക്കാനുള്ള പ്രയാസം കൊണ്ടായിരുന്നിരിക്കണം പുതിയ മെത്രാൻെറ നിയമനത്തിന്ന് ഇത്രയേറെ കാലതാമസം നേരിട്ടതു്. ഐക്യനാട്ടുകാരായ ജസ്വീത്തൎക്കു ഇന്ത്യയിൽ മിസ്സങ്ങളൊന്നും ഉണ്ടായിരുന്നില്ലല്ലോ. ലോകോപകാരികളെന്ന നവീനനാമത്തിന്നുകൂടി അർഹന്മാരായിത്തീൎന്നിരിക്കുന്ന അമേരിക്കക്കാരാണ് മേലാൽ ബോംബേ അതിരൂപതയെ ഭരിക്കാൻ പോകുന്നതെന്നും, സെയിൻറു ക്സേവിയേഴ്സ് കോളജ് പ്രിൻസിപ്പാളും "തിരുഹൃദയദൂതൻ" പത്രാധിപ

"പുത്രൻെറ ധ്വജത്തിൻകീഴ് നിവസിക്കുന്നതിനുള്ള അനുഗ്രഹം അങ്ങേ അമ്മയോടാണ് നാം അപേക്ഷിക്കേണ്ടതു്". വിശുദ്ധ ഇഗ്നേഷ്യസ് ലൊയോള. (ഈ പുണ്യവാൻെറ തിരുനാൾ ഈ മാസം ൩൧-ാംനു-യാണ്.)

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ൭ ——— എപ്പകത്തി ൨൭.

## ൧൯൧൯ ജൂലായി - ൧൦൯൪ മിഥുനം-കർക്കടകം.

| | | | | |
|---|---|---|---|---|
| 1 | 18 | ചൊ | വി. യോഹന്നാ എട്ടാ. ന. ആ. കു വെ. ... ... | വെ. |
| 2 | 19 | ബു | വി ക. മാതാ. ഏലീശ്വാ. സന്ദർശനം. ന. ആ. കു. വെ. | വെ. |
| | | | കർമ്മ. സഭ. പൂർണ്ണ ദ. വി. വൃദ്ധിവ. ൧൧ ആണ്ടും ൧൧ മണ്ഡ. | |
| 3 | 20 | വ്യാ | ✠ ന. പി മാർ തോമ്മാശ്ലീഹാ. ദുക്റാനാ. ന. കു വെ. | ച്യു. |
| | | | ☞ പാലാ, ചെമ്പിൽ, മൈലക്കൊമ്പ്, കോക്കമംഗലം ഈ പള്ളികളിൽ പ്രധാന തിരുനാൾ. | |
| | | | ചങ്ങനാശേരി വി. അ. മാർ തോമ്മാ മെത്രാ. നാമകാരണ തിരുനാൾ. | |
| 4 | 21 | വെ | എം. ന. കു വെ. ... ... ... ... | ച്യു. |
| | | | മാസത്തിന്റെ ഒന്നാം വെള്ളിയാഴ്ച തിരുഹൃദയഭക്തി. പൂർണ്ണ ദ വി. | |
| 5 | 22 | ശ | എം. ന. കു. വെ. ... ... ... ... | ച്യു. |
| 6 | 23 | ഞാ | ✠ പന്തക്കുസ്താ. ൪ാം ഞാ. ന. കു. ആ. ൪ മ. ൭ . ൨ | ച്യു. |
| 7 | 24 | തി | എം. ന. കു. വെ. ... ... ... ... | ച്യു. |
| | | | കർമ്മല മാതാവിൻ നവനാൾ തുടങ്ങുന്നു. | |
| 8 | 25 | ചൊ | എം. ന. കു. വെ. ... ... ... ... | ച്യു. |
| 9 | 26 | ബു | † മ. മെ. വി അപ്രേം. ന. ആ. കു. വെ. ... | വെ. |
| 10 | 27 | വ്യാ. | മാർ തോമ്മാശ്ലീ. എട്ടാം. ന. കു വെ. ... ... | ച്യു. |
| 11 | 28 | വെ | പ വേ. പീയൂസ്. ന. ആ. കു. വെ ... .. | ച്യു. |
| 12 | 29 | ശ | വേ. നാബോ. കൂട്ടരും ന. ആ. കു വെ ... | ച്യു. |
| 13 ◎ | 30 | ഞാ | ✠ പന്തക്കുസ്താ. ൫-ാം ഞാ. ന. കു. ആ. ൧൦ മ. ൦ . ൩ | പ. |
| 14 | 31 | തി | അ മെ. വി. ബൊനവെന്തുരാ. ന. ആ. കു. വെ. | വെ |
| 15 | 32 | ചൊ | † അ. മെ യാക്കോ ന. ആ. കു. വെ. ... | വെ. |
| 16 | 1 | ബു | † കർമ്മല മാതാവിൻ തിരുനാൾ. ന. ആ കു. വെ. | വെ. |
| | | | ☞ ആലപ്പുഴ, വാഴക്കുളം ഈ പള്ളികളിൽ പ്രധാന തിരുനാൾ. | |
| | | | തലേദിവസം ഉച്ചകഴിഞ്ഞു ഇന്നു പാതിരാവരെ കർമ്മലീത്താആശ്രമദേവാലയങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുന്നവർക്കു "തോസിയസ് കോസിയസ്" പ്രാപി | |
| 17 | 2 | വ്യാ | മെ. അല. ന. ആ കു. വെ. (ക്കാവുന്നതാണ്) | വെ. |
| 18 | 3 | വെ | വേ. സൊഫ്രൊ കൂട്ടരും ന. ആ. കു. വെ. ... | ച്യു. |
| 19 | 4 | ശ | † മെ. വിന. പെരലോസു. ന. ആ. കു. വെ. | വെ. |
| 20 | 5 | ഞാ | ✠ പന്തക്കുസ്താ. ൬ാം ഞാ. ന. കു. ആ. ൪ മ. ൯ . ൨ | പ. |
| 21 | 6 | തി | ക. പ്രക്സെ. ന. ആ. കു. വെ. ... ... | വെ. |
| 22 | 7 | ചൊ | ക. മറിയം മഗ്ദലേന. ന. ആ കു. വെ. | വെ. |
| 23 | 8 | ബു | വേ. അപ്പ. ന. ആ. കു. വെ. ... ... | ച്യു. |
| 24 | 9 | വ്യാ | യാക്കോശ്ലീ. തലേനാൾ ന. ആ. കു. ത ഇറച്ചി വിലക്ക. | റോ. |
| 25 | 10 | വെ | (✠) വി. യാക്കോ ശ്ലീഹാ. ന. കു. വെ. ... | ച്യു. |
| 26 | 11 | ശ | വി. ഹന്നാ അമ്മ. ന. ആ. കു. വെ. ... | വെ. |
| | | | കർമ്മല സഭക്കാർക്കു പൂർണ്ണ ദണ്ഡവിമോചനം. | |
| 27 ● | 12 | ഞാ | ✠ പന്തക്കുസ്താ ൭-ാം ഞാ. ന. കു. വെ. ൧൧ മ. ൩ . ൨ . ൩ | പ. |
| 82 | 13 | തി | വേദ. നസ്സരി. കൂട്ട. ന. ആ. കു. വെ. ... ... | ച്യു. |
| 29 | 14 | ചൊ | ക മർത്താ. ന. ആ കു. വെ. ... ... ... | വെ. |
| 30 | 15 | ബു | വേദ. അബ. കൂട്ട. ന. ആ. കു. വെ. ... ... | ച്യു. |
| 31 | 16 | വ്യാ | † മെ. ഇഗ്നാസ്യോസ് ലൊയോളാ. ന. ആ കു. വെ. | വെ. |

Printed and Published for the Proprietor, by A.P. Mani at St. Joseph's Press, Mannanam.

# വില്പാൻ തയ്യാർ.

൧൦" × ൧൪", ൧൩" × ൧൮" ഈ വലിപ്പങ്ങളിൽ യൂറോപ്പിൽനിന്നും പ്രത്യേകം വരുത്തിയിട്ടുള്ള നാനാവർണ്ണങ്ങളോടുകൂടിയ നമ്മുടെ കർത്താവിൻെറ തിരുഹൃദയ പടങ്ങൾ വില്ക്കുവാനുണ്ടു്. പടങ്ങളുടെ മുകൾഭാഗത്തു് ഏററവും ഫലപ്രാപ്തിയുള്ള ദണ്ഡവിമോചനജപവും മലയാളത്തിൽ അച്ചടിച്ചിട്ടുള്ളതാകുന്നു. ചെറുതിനു ൨-൦, വലുതിനു ൩-൦ അണയാണു് വില.

സൂപ്രണ്ടു്,

സെൻറ് ജോസഫ് പ്രസ്സ്, മാന്നാനം.

---

# THE LFOWER OF CARMEL.

## AN ILLUSTRATED CATHOLIC MALAYALAM MAGAZINE.

Which has now a circulation of 3,500 and is being read by thrice that nuber since it passes round many youngmen's associations, Libraries; Reading Rooms, Schools, Convents, Monasteries etc, is the best medium for advertisers.

Terms very moderate.

*Apply to.*

The Manager,

"The Flower of Carmel"

Mannanam,

Travancore, S. India.

---

## പരസ്യക്കൂലി വിവരം

| ഒരു പെയ്ജിനു | ക. | ണ. | പൈ. | ഒരു പെയ്ജിനു | ക. | ണ. | പൈ. |
|---|---|---|---|---|---|---|---|
| ,, ഒരു കൊല്ലത്തേക്കു | 30 | 0 | 0 | ,, മൂന്നു മാസത്തേക്കു. | 10 | 0 | 0 |
| ,, ആറു മാസത്തേക്കു. | 17 | 8 | 0 | ,, ഒരു മാസത്തേക്കു | 4 | 0 | 0 |

പ്രത്യേക പരസ്യങ്ങൾക്കു അപ്പഴപ്പോൾ കൂലി നിശ്ചയിക്കുന്നതായിരിക്കും. മുൻകൂറു് പണം കിട്ടാതെ യാതൊരു പരസ്യവും സ്വീകരിക്കപ്പെടുന്നതല്ല.

Regi: No. M. 365. Registered No. T. 2.


# പരസ്യം

എന്റെ വൈദ്യശാലയിൽ കഷായങ്ങൾ, ഗുളികകൾ, നെയ്യുകൾ തൈലങ്ങൾ, എണ്ണകൾ, ലേഹ്യങ്ങൾ, ആസവങ്ങൾ, അരിഷ്ടങ്ങൾ മുതലായവ മിതമായ വിലയ്ക്കു സ്ഥലത്തും, ദൂരസ്ഥന്മാൎക്കു വി. പി. ആയും അയച്ചുകൊടുക്കപ്പെടും. മരുന്നുകൾ വളരെ വിശ്വാസമായിട്ടും നിഷ്കൎഷമായിട്ടും തയ്യാറാക്കിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾ മാനേജരോടു എഴുതി ചോദിച്ചാൽ ഉടൻ മറുപടി കൊടുക്കപ്പെടും.

മാനേജർ,
സെന്റ് ആന്റണീസ് ഔഷധശാല.
കരത്തുറ, ചവറ.


## "കുസുമ" വരിക്കാർ അറിഞ്ഞിരിക്കേണ്ട ചില

# സംഗതികൾ.

൧. മെയി ലക്കത്തോടെ മാസിക വി. പി. ചുമത്തി അയക്കുന്നതിനു സമ്മതിച്ചിരുന്നവരിൽ ചിലർ "മാസിക ആവശ്യമില്ലെന്നു" പറയുന്നതായി അഞ്ചൽ ശിപായികൾ എഴുതി അയയ്ക്കുന്നു. ഇതു സാക്ഷാൽ വരിക്കാരുടെ അറിവോടുകൂടിയാണോ എന്നു ബലമായ സംശയമുണ്ട്. വി. പി. മടങ്ങിയ ആളുകൾക്കു വീണ്ടും മാസിക അയയ്ക്കുന്നതിനു വൈമനസ്യവുമാണ്. അതുകൊണ്ടു മെയി ലക്കം കിട്ടാത്തവർ വീണ്ടും മാസികയ്ക്കു ആവശ്യപ്പെടേണ്ടിയിരിക്കുന്നു. പണമടച്ചിട്ടുള്ളവൎക്കൊക്കെ മുറയ്ക്കു മാസിക ഇവിടെനിന്നും അയയ്ക്കുന്നുണ്ട്. അഞ്ചൽശിപായിമാരുടെ തകരാറുകൾകൊണ്ടു പിശകുകൾ സംഭവിക്കുന്നതായി ഇവിടെ അറിയാം. അഞ്ചലാപ്പീസിൽനിന്നും വളരെ ദൂരെത്താമസിക്കുന്നവർ അതതു മാസത്തിലെ ആദ്യ ആഴ്ചയിൽ 'കുസുമം' കിട്ടിയില്ലെങ്കിൽ അഞ്ചലാപ്പീസിൽതന്നെ വേണ്ട അന്വേഷണം നടത്തിയാൽ നിവൃത്തിയുണ്ടാകാതിരിക്കയില്ല.

൨. ഇപ്പോൾ ആറേഴ ലക്കങ്ങൾ പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇനിയും പണമയക്കാത്ത പലേ വരിക്കാരുമുണ്ട്. ഈ ലക്കംമുതൽ ഇനി പലക്കം അര രൂപായെങ്കിലും ചുമത്തി വി. പി. അയക്കാതെ നിവൃത്തിയില്ല.

൩. വി. പി. സ്വീകരിക്കാൻ സൌകൎയ്യമില്ലാത്തവർ വിവരം അറിയിക്കയോ, പണം മണിഓർഡർ അയക്കയോ ചെയ്യേണ്ടതാണ്.

൪. പണമിടപെട്ട എഴുത്തുകളും, മാസികയ്ക്കുള്ള അപേക്ഷകളും, മാസിക കിട്ടാഞ്ഞാലുള്ള പരാതികളും "മാനേജ"രുടെ മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

"കർമ്മലകുസുമം" മാനേജർ,
മാന്നാനം, തിരുവിതാംകൂർ.